One Thousand
Malayalam Proverbs.

1868.

Ci
XIV
135

N12<526908882 021
LS
ubTÜBINGEN

ONE THOUSAND

# MALAYALAM PROVERBS

ഒരു ആയിരം

# പഴഞ്ചൊൽ

SECOND EDITION

**MANGALORE**
PUBLISHED BY PFLEIDERER & RIEHM
BASEL MISSION BOOK & TRACT DEPOSITORY
1868

8410

വില ൨ അണ.

ONE THOUSAND

# MALAYALAM PROVERBS

ഒരു ആയിരം

# പഴഞ്ചൊൽ

MANGALORE
PRINTED BY STOLZ & REUTHER, BASEL MISSION PRESS
1868

# ജ്ഞാനസൂചകം.

ജ്ഞാനമായവൾ വിളിക്കുന്നല്ല്യയൊ, ബുദ്ധി ശബ്ദിക്കുന്നവല്ല്യൊ! അവൾ നിരത്തുകളിലും തെരുവീഥികളിലും നിന്നു പടിവാതില്കളിലും പട്ടണ പ്രവേശത്തും ഗോപുരദ്വാരത്തും വെച്ച് ആൎത്തു ചൊല്ലുന്നിത് : മനുഷ്യരെ! നിങ്ങളോടു ഞാൻ മൊഴിയുന്നു, നരപുത്രരിലേക്ക് എന്റെ ശബ്ദം ആകുന്നു. മൂഢന്മാരെ, വിവേകത്തെ തിരഞ്ഞുകൊൾവിൻ! പൊട്ടരെ, ബോധഹൃദയമുള്ളവരാകുവിൻ! കേൾപ്പിൻ ഞാൻ ശുഭമുള്ളവ ഭാഷിക്കും നേരുള്ളവററിനായി എന്റെ അധരങ്ങളെ തുറക്കും എന്റെ വായി സത്യം ഉരെക്കും ദോഷമോ എൻ അധരങ്ങൾക്ക് വെറുപ്പു തന്നെ.

UNIV. BIBL. TÜBINGEN
Ci XIV 135.

# ഒരു ആയിരം
# പഴഞ്ചൊൽ.

൧. അകത്തിട്ടാൽ പുറത്തറിയാം.

൨. അകത്തു കത്തിയും പുറത്തു പത്തിയും.

൩. അകലെ പോന്നവനെ അരികെ വിളിച്ചാൽ അരക്കാത്തുട്ടു ചേതം.

൪. അകൌശലലക്ഷണം സാധനദൂഷ്യം.

൫. അക്കര നിന്നോൻ തോണി ഉരുട്ടി.
(അക്കരെ നില്ക്കുന്ന പട്ടർ തോണിമുക്കി)

൬. അക്കരമാവിലോൻ കെണി വെച്ചിട്ടു എന്നോടൊ ക്രുരാ കണ്ണുമിഴിക്കുന്നു.

൭. അങ്ങാടിത്തോലിയം അമ്മയോടൊ?
(അങ്ങാടീല്തോറ്റാൽ അമ്മയുടെ നേരെ)

൮. അങ്ങില്ലാപ്പൊങ്ങിന്റെ വേർ കിളെക്കാമൊ.

൯. അങ്ങൊന്നങ്ങാൻ വെള്ളം ഒഴുകുന്നതിന്ന് ഇങ്ങുന്നു ചെരിപ്പഴിക്കാമൊ.

൬൦· അച്ശൻ ആനപ്പാവാൻ എന്നുവെച്ചു മകന്റെ ചന്തിക്കും തഴമ്പുണ്ടാമൊ?

൬൧· അഞ്ചു എരുമ കറക്കുന്നതു അയൽ അറിയും; കഞ്ഞി വാൎത്തുണ്ണുന്നതു നെഞ്ഞറിയും·

൬൨· അടക്കയാകുമ്പോൾ മടിയിൽ വെക്കാം, കഴുങ്ങായാൽ വെച്ചുകൂടാ·

൬൩· അടികൊള്ളുവാൻ ചെണ്ട, പണം വാങ്ങുവാൻ മാരാൻ·

൬൪· അടിയോളം നന്നല്ല അണ്ണന്തമ്പി·

൬൫· അടിവഴുതിയാൽ ആനയും വീഴും·

൬൬· അട്ട പിടിച്ചു മെത്തയിൽ കിടത്തിയാലൊ?

൬൭· അട്ടം പൊളിഞ്ഞാൽ അകത്തു; പാടം മുറിഞ്ഞാൽ ഒഴിവിലെ·

൬൮· അട്ടെക്കു കണ്ണു കൊടുത്താൽ ഉറിയിൽ കലം വെച്ചുകൂടാ·

൬൯· അട്ടെക്കു പൊട്ടക്കുളം·

൭൦· അണിയലം കെട്ടിയെ ദൈവമാവു·

൭൧· അണ്ണാക്കിലെ തോൽ അശേഷം പോയാലും അംശത്തിൽ ഒട്ടും കുറകയില്ല·

൭൨· അണ്ണാക്കൊട്ടൻ തന്നാൽ ആംവണ്ണം·

൭൩· അണ്ണാടി കാണ്മാൻ കണ്ണാടി വേണ്ട·

൨൪· അതിബുദ്ധിക്ക് അല്പായുസ്സ്.

൨൫· അതിമോഹം ചക്രം ചുമക്കും (ചവിട്ടും)

൨൬· അത്തഞ്ഞാററുതലയും അരചർ കോപവും പിത്തവ്യാധിയും പിതൃശാപവും ഒക്കുവോളം തീരാ.

൨൭· അത്യാശെക്കനൎത്ഥം.

൨൮· അന്നത്തിൻെറ ബലവും ആയുസ്സിൻെറ ശക്തിയും ഉണ്ടെങ്കിൽ മന്നത്താലിങ്കൽ കാണാം.

൨൯· അന്നന്നു വെട്ടുന്ന വാളിന്നു നെയ്യിടുക.

൩൦· അന്നുതീരാത്ത പണികൊണ്ടു അന്തിയാക്കരുത്.

൩൧· അൻപററാൽ തുമ്പററു.

൩൨· അൻപോടു കൊടുത്താൽ അമൃത്.

൩൩· അപ്പം തിന്നാൽ പോരെ കുഴി എണ്ണുന്നെന്തിന്നു. (അപ്പം തിന്നാൽ മതി കുത്തെണ്ണണ്ടാ)

൩൪· അഭ്യസിച്ചാൽ ആനയെ എടുക്കാം.

൩൫. അമ്പലം വിഴുങ്ങിക്ക് വാതില്പലക പപ്പടം.

൩൬· അമ്പു കളഞ്ഞോൻ വില്ലൻ; ഓല കളഞ്ഞോൻ എഴുത്തൻ.

൩൭· അമ്പുകുമ്പളത്തും വില്ലുശേക്കളത്തും എയ്യുന്ന നായർ പനങ്ങാട്ടു പടിക്കൽ എത്തി.

൩൮· അമ്മ പുലയാടിച്ചി എങ്കിൽ മകളും പുലയാടിച്ചി.

൩൯· അമ്മ ഉറിമേലും പെങ്ങൾ കീഴിലും ഓൾ ഉരലിലും.

൪൦· അമ്മയെ തച്ചാൽ അച്ഛൻ ചോദിക്കേണം; പെങ്ങളെ തച്ചാൽ അളിയൻ ചോദിക്കേണം.

൪൧· അമ്മോച്ചന്നില്ക്കുന്നെടം അമ്മോച്ചനും പശു നില്ക്കുന്നെടം പശുവും നില്ക്കട്ടെ.

൪൨· അംശത്തിലധികം എടുത്താൽ ആകാശം പൊളിഞ്ഞു തലയിൽ വീഴും.

൪൩· അരചനെ കൊതിച്ചു പുരുഷനെ വെടിഞ്ഞവൾക്കു് അരചനും ഇല്ല, പുരുഷനുമില്ല.

൪൪· അരചൻ വീണാൽ പട ഉണ്ടോ?

൪൫· അരണ കടിച്ചാൽ ഉടനെ മരണം.

൪൬. അരണെക്കു മറതി.
(അരണയുടെ ബുദ്ധിപോലെ)

൪൭· അരപ്പലം നൂലിന്റെ കഴെക്കു്.

൪൮· അരികെ പോകുമ്പോൾ അരപ്പലം തേഞ്ഞു പോകും.

൪൯· അരിയും തിന്നു ആശാരിച്ചിയെയും കടിച്ചു പിന്നെയും നായിന്റെ പല്ലിന്നു മൊറുമൊറുപ്പു.

൫൦· അരിയെറിഞ്ഞാൽ ആയിരം കാക്ക.

൫൧· അരിശം വിഴുങ്ങിയാൽ അമൃതു്; ആയുധം വിഴുങ്ങിയാൽ ആണല്ല.

൫൨. അരുതാഞ്ഞാൽ ആചാരം ഇല്ല; ഇല്ലാഞ്ഞാൽ ഓശാരവും ഇല്ല.

൨൩. അരെച്ചതു കൊണ്ടു പോയിടിക്കരുതു.

൨൪. അരെച്ചു തരുവാൻ പലരും ഉണ്ടു; കുടിപ്പാൻ താനെയുള്ളു.

൨൫. അൎത്ഥം അനൎത്ഥം.

൨൬. അൎത്ഥമില്ലാത്തവന്നു, (അല്പന്ന്) അൎത്ഥം കിട്ടിയാൽ അൎദ്ധരാത്രിക്കും കുട പിടിപ്പിക്കും.

൨൭. അൎദ്ധം താൻ അൎദ്ധം ദൈവം.

൨൮. അറിയാത്തവന്നു ആന പടൽ.

൨൯. അറിയുന്നോരൊടു പറയേണ്ടു; അറിയാത്തോരൊടു പറയരുതു്.

൩൦. അറുക്കാൻ ൧൦൦൦ കൊടുക്കുല്യം പോററാൻ ഒന്നിനെ കൊടുക്കരുതൊ.

൩൧. അറുത്തിട്ട കോഴി പിടെക്കുമ്പോലെ.

൩൨. അലക്കുന്നോന്റെ കഴുത പോലെ.

൩൩. അലന്നാൽ അമ്മെക്കപരാധിക്കാമൊ?

൩൪. അല്ലലുള്ള പുലയിക്കു് ചുള്ളിയുള്ള കാടു പറയേണ്ടാ.

൩൫. അവൻ പത്താൾക്കു് ഒരു മെത്ത.

൩൬. അശ്വിനിദേവന്മാർ വന്നാൽ സാധിക്കും.

൩൭. അഷ്ടാംഗഹൃദയഹീനന്മാർ ചികിത്സിക്കും ചികിത്സയിൽ മഞ്ഞൾ എല്ലാം വയമ്പായി കൎപ്പൂരം കൊട്ടവേരിയായി.

൬൮. അല (ഏറ) കുത്തിയാൽ ചേരയും കടിക്കും.
(അലമുട്ടിയാൽ ചേരയും തിരിഞ്ഞു)

൬൯. അഴകുള്ള ചക്കയിൽ ചുളയില്ല.

൭൦. ആക്കുണ്ടയിൽ വാഴ കുലെക്കയില്ല.

൭൧. ആച്ചു നോക്കിയെ കുച്ചു കെട്ടാവു.

൭൨. ആടറിയുമൊ അങ്ങാടിവാണിഭം?

൭൩. ആടാചാൎയ്യാൎക്കു അണിയൽ പ്രധാനം.

൭൪. ആട്ട മേഞ്ഞ കാട്ട പോലെ.

൭൫. ആട്ടൂടാട്ടം കാടാകാ; അരചൻ ഊടാട്ടം നാടാകാ.

൭൬. ആട്ടം മുട്ടിയാൽ (നിന്നാൽ) കൊട്ടാട്ടത്തിൽ.

൭൭. ആട്ടുന്നവനെ നെയ്യാൻ ആക്കിയാൽ കാൎയ്യമൊ?

൭൮. ആന കൊടുക്കിലും ആശ കൊടുക്കരുതു.

൭൯. ആനക്കൊമ്പും വാഴക്കൊമ്പും രണ്ടും ശരിയൊ.

൮൦. ആനനടത്തവും കുതിരപ്പാച്ചലും ശരി.

൮൧. ആനയില്ലാതെ ആറാട്ടൊ.

൮൨. ആനയുടെ പുറത്തു ആനക്കാരൻ ഇരിക്കുമ്പൊൾ
നായി കുരെച്ചാൽ അവൻ എത്ര പേടിക്കും?

൮൩. ആനയുടെ യുദ്ധം ഇരുമ്പിന്നു മരണം.

൮൪. ആനെക്കു കുതിര തെരിക.

൮൫. ആനെക്കു ചക്കര പന.

൮൬. ആനക്കു മണികെട്ടേണ്ടാ.

൮൭. ആമാടെക്കു് പുഴുത്തുള നോക്കുന്നവൻ.

൮൮. ആയിരം ഉപദേശം കാതിലെ ചൊന്നാലും അപശബ്ദം അല്ലാതെ പുറപ്പെടുകയില്ല.

൮൯. ആയിരം കണ്ടി കരപ്പാട്ടമുണ്ടു; അന്തിക്കെരപ്പാൻ തേങ്ങാപ്പിണ്ണാക്കു.

൯൦. ആയിരം കണ്ണു പൊട്ടിച്ചെ അര വൈദ്യനാകും.

൯൧. ആയിരം കാക്കെക്കു് പാഷാണം ഒന്നെ വേണ്ടു.

൯൨. ആയിരം കാതം എടുത്തു് അരക്കാതം ഇഴെക്കൊല്ലാ.

൯൩. ആയിരം കാൎയ്യക്കാരെ കാണുന്നതിനേക്കാൾ ഒരു രാജാവെ കാണുന്നതു നല്ലു.

൯൪. ആയിരം പഴഞ്ചൊൽ ആയുസ്സിന്നു കേടല്ല; ആയിരം പ്രാക്കൽ ആയുസ്സിന്നു കേടു.

൯൫. ആയിരം പുത്തിക്കു നെഞ്ചിന്നു പാറ, ഒരു പുത്തിക്കു് ഈൎക്കിലും കൊക്കിപ്പി, ഏക ബുദ്ധിക്കു് തിത്തി കമമ്മാ.

൯൬. ആയിരം വാക്കു് അരപ്പലം തൂങ്ങാ.

൯൭. ആയെങ്കിൽ ആയിരം തേങ്ങ; പോയെങ്കിൽ ആയിരം തൊണ്ടു.

൯൮. ആരാനെ ആറാണ്ടു പോററിയാലും ആരാൻ ആരാൻ തന്നെ.

൯൯. ആരാന്റെ അപരാധം വാരിയന്റെ ഊരമേൽ.

൧൦൦. ആരാന്റെ കുട്ടിയെ ആയിരം മുത്തിയാലും ഒന്നു പൊത്തിക്കൂടാ.

൧൦൧. ആരാന്റെ പല്ലിനേക്കാൾ തന്റെ നൊണ്ണു നല്ലു.

൧൦൨. ആരും ഇല്ലാഞ്ഞാൽ പട്ടർ; ഏതും ഇല്ലാഞ്ഞാൽ താൾ.

൧൦൩. ആറു നാട്ടിൽ നൂറു ഭാഷ.

൧൦൪. ആററിൽ തൂകുകിലും അളന്നു തൂകേണം.

൧൦൫. ആലി നാഗപ്പുരത്തു പോയ പോലെ.
(ആലിപ്പഴത്തിന്നു അരണകൾ പോലവെ (൬൩)

൧൦൬. ആലക്കൽനിന്നു പാൽ കുടിച്ചാൽ വീട്ടിൽ മോർ ഉണ്ടാകയില്ല.

൧൦൭. ആലെക്കു് വരുന്നേരത്തു മോന്തെക്കടിക്കരുതു.

൧൦൮. ആവല്ക്കു് ആവൽ വിരുന്നു വന്നാൽ അങ്ങെക്കൊമ്പിലും ഇങ്ങെക്കൊമ്പിലും (തൂങ്ങിക്കൊള്ളും).

൧൦൯. ആവുംകാലം ചെയ്യുതു ചാവുംകാലം കാണാം.

൧൧൦. ആശ വലിയോൻ അതാവു പെട്ടു പോം.

൧൧൧. ആശാരിയുടെ ചേൽ ആദിയും ഒട്ടവും കഷ്ടം.

൧൧൨. ആസനം മുട്ടിയാൽ അമ്പലം വെണ്ണീറു.

൧൧൩. ആസനത്തിൽ പുൺ അങ്ങാടിയിൽ കാട്ടരുതു.

൧൧൪. ആളു വില കല്ലു വില.

൧൧൫. ആൾ ഏറ ചെല്ലുൽ താൻ ഏറ ചെല്ലുക.

൧൧൬ ആൾക്കു സഹായം മരത്തിന്നു വേർ.

൧൧൭. ആഴമുള്ള കുഴിക്ക് നീളമുള്ള വടി.

൧൧൮. ആഴം (ആക) മുങ്ങിയാൽ കുളിരില്ല.

൧൧൯. ഈക്കരെ നിന്നു നോക്കുമ്പോൾ അക്കരെ പച്ച.

൧൨൦. ഇടല ചുടലക്കാകാ; ശ്രുമന് ഒട്ടും ആകാ.

൧൨൧. ഇടി കേട്ട പാമ്പ പോലെ.

൧൨൨. ഇടി വെട്ടിയ മരം പോലെ.

൧൨൩. ഇണയില്ലാത്തവന്റെ തുണ കെട്ടൊല്ലാ.

൧൨൪. ഇണയില്ലാത്തവനോട്ട ഇണ കൂടിയാൽ ഇണ ഒമ്പതും പോകും പത്താമതു താനും പോകും.

൧൨൫. ഇരന്നു മക്കളെ പോററിയാൽ ഇരപ്പുത്തരം പോകയില്ല.

൧൨൬. ഇര വിഴുങ്ങിയ പാമ്പ പോലെ.

൧൨൭. ഇരിക്കുന്ന അമ്മമാരുടെ വാതിൽ പോലെ.

൧൨൮. ഇരിക്കുമ്മുമ്പെ കാൽ നീട്ടൊല്ല.

൧൨൯. ഇരിങ്ങപ്പുറ പൊന്നായാൽ പാതി ദേവൎക്കു.

൧൩൦. ഇരിപ്പിടം കെട്ടിയെ പടിപ്പുര കെട്ടാവു.

൧൩൧. ഇരിമ്പ കുടിച്ച വെള്ളം തേക്കുമൊ?

൧൩൨. ഇരിമ്പുപാര വിഴുങ്ങി, ചുക്കുവെള്ളം കുടിച്ചാൽ ദഹനം വരുമൊ?

൧൩൩. ഇരിമ്പുരസം കതിര അറിയും; ചങ്ങലരുചി ആന അറിയും.

൧൩൪. ഇരിമ്പും തൊഴിലും ഇരിക്കെ കെടും.

൧൩൫. ഇരുതോണിയിൽ കാൽ വെച്ചാൽ നടുവിൽ കാണാം.

൧൩൬. ഇരുത്തിയെ വെച്ചതു പോലെ.

൧൩൭. ഇരുന്ന മരം മുറിച്ചാൽ താൻ അടിയിലും മരം മേലും.

൧൩൮. ഇരുന്നുണ്ടവൻ രുചി അറിയാ, കിളെച്ചുണ്ടവൻ രുചി അറിയും.

൧൩൯. ഇരുന്നെടുത്തുനിന്നു എഴുന്നീററില്ല എങ്കിൽ രണ്ടും അറികയില്ല.

൧൪൦. ഇറച്ചി ഇരിക്കെ തുവൽ പിടെക്കരുത്.

൧൪൧. ഇറച്ചിക്കു പോയൊൻ വിറച്ചിട്ടും ചത്തു; കാത്തിരുന്നൊൻ നണച്ചിട്ടു ചത്തു.

൧൪൨. ഇറച്ചിതിന്മാറുണ്ടു എല്ലു കോൎത്തു കഴുത്തിൽ കെട്ടാറില്ല.

൧൪൩. ഇല്ലത്തില്ലെങ്കിൽ കോലൊത്തും ഇല്ല.

൧൪൪. ഇല്ലത്തു നല്ലതിരിക്കവാൻ പോകയില്ല.

൧൪൫. ഇല്ലത്തു പഴയരി എങ്കിൽ, ചെന്നേടത്തും പഴയരി.

൧൪൬. ഇല്ലത്തു പെൺപെററ പൊലെ ഇരിക്കുന്നത് എന്തു?

൧൪൭. ഇല്ലത്തേക്ക് എഴുപത്തഞ്ചും കെട്ടും.

൧൪൮. ഇല്ലത്തെ പൂച്ചി ഉണ്ണിയുടെ ഊരകൊണ്ടറിയാം.

൧൪൯. ഇല്ലത്തെ പൂച്ച പോലെ.

൧൫൦· ഇല്ലാത്തവക്ക് ആമാടയും പൊന്നു.

൧൫൧· ഇഷ്ടമല്ലാപ്പെണ്ണു തൊട്ടതെല്ലാം കുററം·

൧൫൨· ഇഷ്ടം മുറിപ്പാൻ അൎത്ഥം മഴ.

൧൫൩· ഇളന്തല കുഴിയാട്ടയാക്കരുത്·

൧൫൪· ഇളമാൻ കടവറിയാ; മുതുമാൻ ഓട്ടം വല്ലാ·

൧൫൫. ഇളമ്പക്കത്തോട്ടിൽ നായി കയറിയതു പോലെ·

൧൫൬· ഇളിച്ചവായന്നു അപ്പം കിട്ടിയതു പോലെ·

൧൫൭· ഒരംചെക്ക് പുണ്ണു കാട്ടല്ല; പിള്ളെക്ക് നൊണ്ണു കാട്ടല്ല·

൧൫൮· ഒരംത്തപ്പഴം പഴക്കുമ്പോൾ, കാക്കെക്ക് വായ്പുണ്ണു·

൧൫൯· ഒരംർ എട്ടത്തെങ്കിൽ, പേൻ കൂലിയൊ?

൧൬൦· ഒരംററ മായൻ നേടിയതു ചക്കരമായൻതിന്നു·

൧൬൧· ഒരംറെറട്ടപ്പാൻ പോയ ആൾ ഇരട്ട പെററു.

൧൬൨· ഒരംഴത്തെ കണ്ടവർ ഇല്ലം കാണുകയില്ല·

൧൬൩· ഉ കണ്ടം എനിക്കു തേങ്ങ മുല്ലപ്പള്ളിക്കും·

൧൬൪· ഉക്കത്തു പുണ്ണുള്ളവൻ ഊതൽ കടക്കുമൊ?

൧൬൫· ഉട്ടപ്പാൻ ഇല്ലാത്തോൻ എങ്ങിനെ അയലിന്മേലിട്ടം·

൧൬൬· ഉണ്ട ഉണ്ണി ഓടിക്കളിക്കും ഉണ്ണാത്ത ഉണ്ണി ഇരുന്നു കളിക്കും·

൧൬൭· ഉണ്ട ചോററിൽ കല്ലിടരുത്·

൧൬൮. ഉണ്ടവൻ അറികയില്ല; ഉണ്ണാത്തവൻെറ വിശപ്പ.

൧൩൯. ഉണ്ടവന്നു പായികിട്ടാഞ്ഞിട്ട്, ഉണ്ണാത്തവന്നു ഇല കിട്ടാഞ്ഞിട്ടു.

൧൪൦. ഉണ്ട വീട്ടിൽ കണ്ടു കെട്ടരുത്.

൧൪൧. ഉണ്ണിയെ കണ്ടാൽ ഊരിലെ പഞ്ഞം അറിയാം.

൧൪൨. ഉണ്ണുമ്പോൾ ഓശാരവും ഉറക്കത്തിൽ ആചാരവും ഇല്ല.

൧൪൩. ഉണ്മാൻ ഇല്ലാഞ്ഞാൽ വിത്തു കുത്തി ഉണ്ണാം; ഉടുപ്പാൻ ഇല്ലാഞ്ഞാൽ പട്ടുടുക്ക.

൧൪൪. ഉണ്ടൊരു ഭാഗ്യം ഉഴുതേടം കാണാം.

൧൪൫. ഉത്സാഹം ഉണ്ടെങ്കിൽ അത്താഴം ഉണ്ണാം.

൧൪൬. ഉന്തിക്കയററിയാൽ ഊരിപ്പോരും.

൧൪൭. ഉപകാരം ഇല്ലാത്ത ഉലക്കെക്കു് രണ്ടു തലക്കും ചുററു കെട്ടുന്നതിനേക്കാൾ തന്റെ കഴുത്തിൽ കല്ലു കെട്ടി കിണററിൽ ചാടി ചാകുന്നത് ഏററ നല്ലു.

൧൪൮. ഉപ്പിൽ ഇട്ടതു് ഉപ്പിനേക്കാൾ പുളിക്കയില്ല.

൧൪൯. ഉപ്പു തിന്നാൽ തണ്ണീർ കുടിക്കും.

൧൫൦. ഉപ്പു പുളിക്കിലും മൊട്ട ചതിക്കും.

൧൫൧. ഉമി കുത്തി പുക കൊണ്ടു.

൧൫൨. ഉരലിന്നു മുറിച്ചാലെ തുടിക്ക കണക്കാവു.

൧൫൩. ഉരല്ക്കീഴിൽ ഇരുന്നാൽ കുത്തു കൊള്ളും.

൧൫൪. ഉരൽ ചെന്നു മദ്ദളത്തോടു അന്യായം.

൧൮൫. ഉലക്കെക്ക് മുറിച്ച കുറുവടിയായി.

൧൮൬. ഉള്ളതു പറഞ്ഞാൽ ഉറിയും ചിരിക്കും.

൧൮൭. ഉള്ളവന്റെ പൊൻ കപ്പാൻ ഇല്ലാത്തവന്റെ പാര വേണ്ടു.

൧൮൮. ഉള്ളിൽ വജ്രം, പുറമെ പത്തി. (പ)

൧൮൯. ഊക്കറിയാതെ തുള്ളിയാൽ ഊര രണ്ടു മുറി.

൧൯൦. ഊട്ടു കേട്ട പട്ടർ, ആട്ടു കേട്ട പന്നി.

൧൯൧. ഊണിന്നും കുളിക്കും (ഉഗ്രാണത്തിന്നും) മുമ്പു; പടെക്കും കടെക്കും ചളിക്കും നടു നല്ലു.

൧൯൨. ഊനങ്ങൾ വന്നാൽ ഉപായങ്ങൾ വേണം.

൧൯൩. ഊന്നു കുലെക്കയില്ല.

൧൯൪. ഊമരിൽ കൊഞ്ഞൻ സൎവ്വജ്ഞൻ.

൧൯൫. ഊർ അറിഞ്ഞവനെ ഓല വായിക്കാവു.

൧൯൬. ഊരാൾ ഇല്ലാത്ത മുക്കാൽവട്ടത്തു താറും വിട്ടു നിരങ്ങാം.

൧൯൭. ഊരാളിക്കു വഴിതിരിച്ചതു പോലെ.

൧൯൮. ഊർ വിട്ട നായിനെ പോലെ.

൧൯൯. എട്ടത്ത പോററിയെ മറക്കൊല്ലാ.

൨൦൦. എട്ടത്തു ചാടിയ പൂച്ച എലിയെ പിടിക്കയില്ല.

൨൦൧. എണ്ണി എണ്ണി കുറുകുന്നിതായുസ്സും; മണ്ടി മണ്ടി കരേറുന്നു മോഹവും.

൨൦൨. എണ്ണിയ പയറ് അളക്കെണ്ടാ.

൨൦൩. എണ്ണത്തിരിക്കൊൽ പുരയുടെ കല്ലും മണ്ണും എല്ലാം തിന്നിട്ടു എനിക്ക് പിത്തം പിടിച്ചില്ല; ഇനി ഈ കൊട്ടടക്കയുടെ നുറുക്ക തിന്നാൽ പിടിക്കുമൊ?

൨൦൪. എമ്പ്രാൻെറ വിളക്കത്തു വാരിയൻെറ അത്താഴം പോലെ.

൨൦൫. എരിച്ചൊൻ കൊഴ പറിച്ചെന്നാക്കരുത്.

൨൦൬. എരുമക്കിടാവിന്നു നീന്തം പഠിപ്പിക്കെണ്ടാ.

൨൦൭. എറുമ്പിന്നു ഇറവെള്ളം സമുദ്രം.

൨൦൮. എലി നിരങ്ങിയാൽ പിട്ടം തഴകയില്ല.

൨൦൯. എലി, പന്നി, പെരിച്ചാഴി, പട്ടരും വാനരൻ തഥാ ഇവർ ഐവരും ഇല്ലെങ്കിൽ മലയാളം മഹൊത്സവം.

൨൧൦. എലിപ്പുലയാട്ടിന്നു മലപ്പുലയാട്ടു.

൨൧൧. എലി പിടിക്കും പൂച്ച കലം ഉടെക്കും.

൨൧൨. എലിയെ ചിററിച്ചു ഇല്ലം ചുട്ടാൽ എലി ചാടിയും പൊം, ഇല്ലം വെന്തും പൊം.

൨൧൩. എല്ലാശബ്ദവും പൊററു ഇനി കടിഞ്ഞ ശബ്ദവും പൊറെണ്ടു.

൨൧൪. എല്ലാ ഭഗവതിയും വെളിച്ചപ്പെട്ടു മുപ്പിരിച്ചിപ്പൊതിയെ ഉള്ളു വെളിച്ചപ്പെടാൻ.

൨൧൫. (എല്ലാ മാരയാന്നും തണ്ടിന്മേൽ ചങ്കരമാരയാൻ തൊണ്ടിന്മേൽ.)

എല്ലാമാരയാന്നും പീശ്ശാങ്കത്തി ചങ്കരമാരയാന്നു പൃച്ചക്കട്ടി.

൨൧൬. എല്ലാരും തേങ്ങാ ഉടെക്കുമ്പോൾ, ഞാൻ ഒരു തൊണ്ടു് എങ്കിലും ഉടെക്കേണം.

൨൧൭. എല്ലു മുറിയ പണീതാൽ പല്ലു മുറിയ തിന്നാം.

൨൧൮. എളിയോരെ കണ്ടാൽ എള്ളും തുള്ളും.

൨൧൯. എള്ളു ചോരുന്നതു കാണും തേങ്ങാ തല്ലുന്നതറിയുന്നില്ല.

൨൨൦. എള്ളോളം തിന്നാൽ എള്ളോളം നിറയും.

൨൨൧. എഴുന്ന ഊക്കിന്നു തുള്ളിയാൽ ഊര രണ്ടു മുറി. (൧൭൯)

൨൨൨. ഏക്കൽ ഇല്ലാസ്സുയാൽ ഏശിയില്ല.

൨൨൩. ഏക്കം കൊട്ടുത്തിട്ടു് ഉമ്മട്ടം വാങ്ങുക.

൨൨൪. ഏക്കററത്തിന്നു നാക്കററത്തു.

൨൨൫. ഏങ്ങുന്ന അമ്മെക്കു് കുരെക്കുന്ന അച്ഛൻ.

൨൨൬. ഏടെക്കും മൊഴെക്കും ചൃങ്കം ഇല്ല.

൨൨൭. ഏട്ടിൽ കണ്ടാൽ പോരാ; കാട്ടിക്കാണേണം.

൨൨൮. ഏതാന്നും ഉണ്ടെങ്കിൽ ആരാന്നും ഉണ്ടു.

൨൨൯. ഏറ കിഴക്കോട്ടു് പോയാൽ പന്നി പിടിക്കും.

൨൩൦. ഏറ ചിത്രം ഓട്ടപ്പെട്ടും.

൨൩൧. ഏറ പറയുന്നവന്റെ വായിൽ രണ്ടു പണം.

൨൩൨. ഏറ വലിച്ചാൽ കോടിയും കീറും.

൨൩൩. ഏറ വെളുത്താൽ പാണ്ടു.

൨൩൪. ഏറി പോയാൽ കോരിക്കൂടാ.

൨൩൫. ഏറിയതും കുറഞ്ഞതും ആകാ.

൨൩൬. ഏറും മുഖവും ഒന്നൊത്തു വന്നു.

൨൩൭. ഒട്ടും ഇല്ലാത്ത ഉപ്പാട്ടിക്ക് ഒരു കണ്ടം കൊണ്ടാലും പോരെ.

൨൩൮. ഒത്തു പറഞ്ഞാൽ ഉറിയും ചിരിക്കും (൧൮൩)

൨൩൯. ഒന്നുകിൽ കളരിക്ക് പുറത്തു; അല്ലെങ്കിൽ കരിക്കളെ നെഞ്ഞത്തു.

൨൪൦. ഒന്നു കൊട്ടുത്താൽ ഇരട്ടിക്കും ഇക്കാലം.

൨൪൧. ഒരു കൊമ്പു പിടിക്കിലും പുളികൊമ്പു പിടിക്കേണം.

൨൪൨. ഒരു തൊഴുത്തിൽ മുളയുന്ന പശുക്കൾ കുത്തുന്നതും വടിക്കുന്നതും അയൽ അറിയാ.

൨൪൩. ഒരുത്തനായാൽ ഒരുത്തി വേണം.

൨൪൪. ഒരുത്തനും കരുത്തനും വണ്ണത്താനും വളിഞ്ചിയനും കൃഷിയരുത്.

൨൪൫. ഒരുത്തനെ പിടിക്കുകിൽ കരുത്തനെ പിടിക്കേണം.

239 ഒന്നുകിൽ [illegible] അല്ലെങ്കിൽ കളരിക്കു പുറത്തു

൨൪൬. ഒരു ദിവസം തിന്ന ചോറും കളിച്ച കളവും മറക്കരുത്.

൨൪൭. ഒരുമ ഉണ്ടെങ്കിൽ ഉലക്ക മേലും കിടക്കാം.

൨൪൮. ഒരു ഓല എടുത്താൽ അകവും പുറവും വായിക്കേണം.

൨൪൯. ഒരു വേനല്ക്കു ഒരു മഴ.

൨൫൦. ഒററ മരത്തിൽ കുരങ്ങു പോലെ.

൨൫൧. ഒററെക്കു ഉലക്ക; കാക്കാൻ പോയോൻ കൂക്കട്ടെ.

൨൫൨. ഒലിപ്പിൽ കുഴിച്ചിട്ട തറി പോലെ.

൨൫൩. ഒഴുകുന്ന തോണിക്കു ഒർ ഉന്തു.

൨൫൪. ഓടം മാടായിക്കു പോകുമ്പോൾ, ഓലക്കെട്ടു വെറെ പോകേണമൊ.

൨൫൫. ഓടം വണ്ടിയിലും, വണ്ടി ഓടത്തിലും.

൨൫൬. ഓടുന്നതിന്റെ കുട്ടി പറക്കും.

൨൫൭. ഓട്ടക്കാരനു പാട്ടും ചേരുകയില്ല.

൨൫൮. ഓണം അടുത്ത ചാലിയന്റെ ഓട്ടം (കൂട്ടു.)

൨൫൯. ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ കഞ്ഞി.

൨൬൦. ഓമനപ്പെണ്ണു പണിക്കാകാ.

൨൬൧. ഓലക്കണ്ണിപ്പാമ്പു കൊണ്ടു പേടിപ്പിക്കേണ്ടാ.

൨൬൨. ഓല കളയാഞ്ഞാൻ നാട്ടു കളയും (൩൬).

൧൬൩. ഓലപ്പുരെക്കും ഓട്ടു പുരെക്കും സ്ഥാനം ഒന്നു.

൧൬൪. ഓൎത്തവൻ ഒരാണ്ടു; പാൎത്തവൻ ൧൨ ആണ്ടു (൧൧൭)

൧൬൫. കക്കുവാൻ പഠിച്ചാൽ ഞേലുവാൻ പഠിക്കേണം.
(കക്കുവാൻ തുടങ്ങിയാൽ നില്ക്കാൻ പഠിക്കേണം.)

൧൬൬. കക്കാൻ പോകുമ്പോൾ ചിരിക്കല്ല.

൧൬൭. കച്ചിട്ടിറക്കിയും കൂടാ, മധുരിച്ചിട്ടു തുപ്പിയും കൂടാ.

൧൬൮. കടച്ചിച്ചാണകം വളത്തിനാകാ.

൧൬൯. കടച്ചിയെ കെട്ടിയേടം പശു ചെല്ലും.

൧൭൦. കടന്നക്കൂടിന്നു കല്ലെടുത്തു എറിയുമ്പോലെ.

൧൭൧. കടപ്പുറം കിടക്കുമ്പോൾ കാല്ക്കൂത്തൽ കിടക്കേണമൊ.

൧൭൨. കടം വാങ്ങി ഇടം ചെയ്യല്ല.

൧൭൩. കടം വീടിയാൽ ധനം.

൧൭൪. കടലിൽ കായം കലക്കിയതു പോലെ.

൧൭൫. കടിക്കുന്നതു കരിമ്പു, പിടിക്കുന്നതു് ഇരിമ്പു.

൧൭൬. കടിഞ്ഞാണില്ലാത്ത കുതിര ഏതിലെയും പായും.

൧൭൭. കട്ടു കീറി കാഴ്ച്ചും; ആന കൊണ്ടു ഓശാരം.
(കട്ടു കീറി കണക്കു് ആന കെട്ടി ഓശാരം).

൧൭൮. കട്ടു ചോരുന്നതു കാണും ആന ചോരുന്നതു കാണാ. (൧൫൦)

൧൭൯. കട്ടുമ്പിരി കയർ അറുക്കും.

൨൮൦. കട്ടതു ചുട്ടു പോകും.

൨൮൧. കട്ടവനോടു കട്ടാൽ മൂന്നു മൂളൽ.

൨൮൨. കട്ടി കൂട്ടിയാൽ കമ്പയും ചെല്ലും.

൨൮൩. കട്ടിൽ ചെറുതെങ്കിലും കാൽ നാലു വേണം.

൨൮൪. കട്ടെറുമ്പു പിടിച്ച് ആസനത്തിൻ കീഴിൽ വെക്കുന്നതു പോലെ.

൨൮൫. കട്ടൊരെന്നെ കാണാഞ്ഞാൽ കണ്ടവനെ പിടിച്ചു കഴുവേറും.

൨൮൬. കണ്ടതെല്ലാം കൊണ്ടാൽ കൊണ്ടതെല്ലാം കടം.

൨൮൭. കണ്ടും കൊണ്ടവനെ പിണ്ടും വെക്കും.

൨൮൮. കണ്ട മീൻ എല്ലാം കറിക്കാകാ.

൨൮൯. കണ്ടറിയാഞ്ഞാൽ കൊണ്ടറിയും.

൨൯൦. കണ്ടാൽ അറിയാം കൊണ്ടാൽ കൊടുക്കുന്നതു.

൨൯൧. കണ്ടിമുഖത്തു മീൻ അടുത്ത പോലെ.

൨൯൨. കണ്ടിയിരിക്കെ മതിൽ തുള്ളരുത്.

൨൯൩. കണ്ണു ചിമ്മി ഇരുട്ടാക്കി.

൨൯൪. കണ്ണു പോയാൽ അറിയാം കണ്ണിന്റെ കാഴ്ച.

൨൯൫. കണ്ണെത്താക്കുളം, ചെന്നെത്താ വയൽ, നഞ്ചും നായാട്ടും മറുമരുന്നില്ലാത്ത ആന്തയും.

൨൯൬. കണ്ണോടു കൊള്ളേണ്ടതു പുരികത്തോടായ്പോയി.

൨൯൭. കത്തിവാളോടു ചോദിച്ചിട്ടൊ കാടു വയക്കുക.

൨൯൮. കത്തുന്ന തീയിൽ നെയി പകരുമ്പോലെ.

൨൯൯. കമ്പത്തിൽ കയറി ആയിരം വിദ്യ കാട്ടിയാലും സമ്മാനം വാങ്ങുവാൻ താഴിൽ വരേണം.

൩൦൦. കമ്പിളിക്കുണ്ടൊ കറ?

൩൦൧. കയ്യിലിന്ന തക്ക കണ.

൩൦൨. കയ്യന്റെ കൈയ്യിൽ കത്തി ഇരുന്നാൽ കടവഴി കുററിക്കു നാശം.

൩൦൩. കയ്യാടി എങ്കിലെ വായാട്ടം.

൩൦൪. കയ്യിൽ കൊടുത്താൽ കള്ളനും കക്കാ.

൩൦൫. കയ്യൂക്കുള്ളവൻ കാൎയ്യക്കാരൻ.

൩൦൬. കരണത്തിന്നു ചേൎന്നു കൈ മുറി.

൩൦൭. കരയടുക്കുമ്പോൾ തുഴയിട്ടുകളയല്ലെ!

൩൦൮. കരയുന്ന കുട്ടിക്കെ പാൽ ഉള്ളു.

൩൦൯. കരിക്കട്ട കഴുകുന്തോറും കറുക്കും

൩൧൦. കരിമ്പിൻ തോട്ടത്തിൽ ആന കടന്ന പോലെ.

൩൧൧. കരിമ്പിന്നു കമ്പു ദോഷം.

൩൧൨. കരിമ്പെന്നും ചൊല്ലി വേരോളം ചവെക്കല്ല.

൩൧൩. കരുത്തിന്നു് ഊകാരം ഗുരുത്വം.

൩൧൪. കൎക്കടഞ്ഞാററിൽ പട്ടിണി കിടക്കുന്നതു പുത്തരി കഴിച്ചാൽ മറക്കരുതു്.

൩൧൫. കറിക്കു് പോരാത്ത കണ്ടം നുറുക്കല്ല.

൩൧൬. കററയും തലയിൽ വെച്ച് കളം ചെയ്യരുതു.

൩൧൭. കററെക്ക് താൽപിടി പണയമൊ?

൩൧൮. കലത്തിൽ നിന്ന പോയാൽ കഞ്ഞിക്കലത്തിൽ.

൩൧൯. കല്പന തന്നെ പോരാ കലിവിൽ നിനവും വേണം.

൩൨൦. കളിയും ചിരിയും ഒപ്പരം കഞ്ഞിക്ക് പോകുമ്പോൾ, വെവ്വേറെ.

൩൨൧. കള്ളത്തി പശുവിന്ന ഒരു തട്ട (മുട്ടി) തുള്ളിച്ചി പെണ്ണിന്ന ഒരു കുട്ടി.

൩൨൨. കള്ളിയിൽ കുത്തി കൈ എടുത്ത പോലെ.

൩൨൩. കള്ളു കണ്ട ഈച്ച പോലെ.

൩൨൪. കഴുത അറിയുമൊ കുങ്കമം.

൩൨൫. കഴുതയെ തേച്ചാൽ കുതിരയാകുമൊ?

൩൨൬. കാകന്റെ കഴുത്തിൽ മണി കെട്ടിയ പോലെ.

൩൨൭. കാക്കത്തൂവൽകൊണ്ട അമ്പു കെട്ടിയാൽ കാഷ്ഠത്തിലെ കുത്തും.

൩൨൮. കാക്ക നോക്കറിയും; കാട്ടി ആളറിയും.

൩൨൯. കാക്കയും കുയിലും ഭേദമില്ലയൊ?

൩൩൦. കാക്കയുടെ ഒച്ചെക്ക് പേടിക്കുന്നവൾ അദ്ധരാത്രിയിൽ തന്നെ ആറു നീന്തും.

൩൩൧. കാക്ക വായിലെ അട്ട ചാകും.

൩൩൨. കാക്കെക്കു ചേക്കിടം കൊടുത്താൽ കാലത്താലെ നാശം.

൩൩൩. കാക്കെക്കു തമ്പില്ല പൊമ്പില്ല.

൩൩൪. കാച്ചു വെള്ളത്തിൽ വീണ പൂച്ച പച്ച വെള്ളം കണ്ടാലും പേടിക്കും.

൩൩൫. കാഞ്ഞ ഓട്ടിൽ വെള്ളം പകൎന്ന പോലെ.

൩൩൬. കാടിക്കഞ്ഞിയും മൂടി കുടിക്കേണം.

൩൩൭. കാട്ടു കളഞ്ഞവന്റെ കൈ കൊത്തുമാറുണ്ടോ?

൩൩൮. കാട്ടിലെ മരം തേവരുടെ ആന എത്തിയവിടത്തോളം വലിക്കട്ടെ, വലിക്കട്ടെ.

൩൩൯. കാട്ടിലെ മുത്തച്ചിയുടെ പശുവിനെ പുലി പിടിച്ചാൽ പുലിക്കു നാട്ടിലും കാട്ടിലും ഇരുന്നുകൂടാ.

൩൪൦. കാട്ടു കോഴിക്കുണ്ടോ സങ്ക്രാന്തി?

൩൪൧. കാട്ടുകോഴി വീട്ടുകോഴിയാമൊ?

൩൪൨. കാണം വിറ്റും ഓണം ഉണ്ണേണം.

൩൪൩. കാണാതെ കണ്ട കുശത്തി താൾ എല്ലാം വാരി തുറുത്തി.

൩൪൪. കാണ്മാൻ വന്നവൻ കഴവേറി (൨൮൫.)

൩൪൫. കാതററ പന്നിക്ക് കാട്ടുടെയും പായാം; കാതററ പെണ്ണിക്കു കാട്ടിലും നീളാം.

൩൪൬. കാതററ സൂചിയും കൂട വരാതു.

൩൪൭. കാമം കാലൻ.

൩൪൮. കാരണവൻ കാലം ഒരു കണ്ടി, ഞാങ്കാലം നാലു കണ്ടി.

൩൱൪൯. കാര മുരട്ട ചീര മുളെക്കയില്ല; ചീര മുരട്ട കാര മുളെക്കയില്ല.

൩൱൫൦. കാരാടൻ ചാത്തൻ നട്ട പറഞ്ഞ പോലെ.

൩൱൫൧. കാൎത്തിക കഴിഞ്ഞാൽ മഴയില്ല; കൎണ്ണൻ പട്ടാൽ പടയില്ല.

൩൱൫൨. കാൎയ്യത്തിന്ന കഴുതക്കാലും പിടിക്കേണം.

൩൱൫൩. കാൎയ്യം പറയുമ്പോൾ കാലുഷ്യം പറയല്ലെ.

൩൱൫൪. കാൎയ്യം വിട്ട കളിക്കല്ല.

൩൱൫൫. കാറററിയാതെ തുപ്പിയാൽ ചെവിയറിയാതെ കിട്ടും.

൩൱൫൬. കാററു നന്നെങ്കിൽ കല്ലും പറക്കും.

൩൱൫൭. കാററു ശമിച്ചാൽ പറക്കുമൊ പഞ്ഞികൾ?

൩൱൫൮. കാലം നീളെ ചെന്നാൽ നേർ താനേ അറിയാം.

൩൱൫൯. കാലത്തു തോണി കടവത്തു എത്തും.
(കാലെ തുഴെഞ്ഞാൽ കരെക്കണയും.)

൩൱൬൦. കാലെ വന്നവൻ കാരണവൻ; വീട്ടിൽ പിറന്നവൻ പുല്ലവൻ.

൩൱൬൧. കാൽ മേൽ ചവിട്ടല്ല കോമച്ചി! കളി കാണേണ്ടെ എങ്കിൽ കാണെണ്ടാ.

൩൱൬൨. കാശില്ലാത്തവൻ കാശിക്ക പോയാലും ഫലമില്ല.

൩൱൬൩. കിടക്കുന്നതു കാവല്പുര; സ്വപ്നം കാണുന്നതു മച്ചും മാളികയും.

൩൩൪. കിണററിൽ വീണ പന്നിക്ക് കല്ലും പാറയും തുണ.

൩൩൫. കിണ്ണം വീണ ഓശയും കേട്ടു.

൩൩൬. കിഴങ്ങു കണ്ട പണിയൻ ചിരിക്കുമ്പോലെ.

൩൩൭. കീരിയും മൂൎഖനും പോലെ സ്നേഹം.

൩൩൮. കീരിയെ കണ്ട പാമ്പു പോലെ.

൩൩൯. കുഞ്ഞന്റെ കണ്ണങ്ങാമ്പിയുടെ ഉള്ളിലും.

൩൪൦. കുഞ്ഞിയിൽ പഠിച്ചത് ഒഴിക്കയില്ല.

൩൪൧. കുടകുമലയിന്നു പേറു കിഴിഞ്ഞ് കാണിയാറക്കണ്ടി
എരയിന്റെ തലയിലൊ?

൩൪൨. കുടത്തിൽ വെച്ച വിളക്കു പോലെ.

൩൪൩. കുടം കമിഴ്ത്തി വെള്ളം പകൎന്നു പോലെ.

൩൪൪. കുടൽ വലിയോന്നു ചക്ക.

൩൪൫. കുട്ടമെക്ക് മിതെ കൎമ്മം ഇല്ല; ആക മുങ്ങിയാൽ ശീ
തം ഒന്നു (൧൧൮)

൩൪൬. കുടെക്കുടങ്ങിയ വടിയായിരിക്കേണം.

൩൪൭. കുട്ടിക്കുറി കൂട്ടി വെക്കേണ്ടാ.

൩൪൮. കുണ്ഡലം ഇല്ലാത്തവർ കാണാത്ത നാട്ടു.

൩൪൯. കുതിരെക്ക് കൊമ്പു കൊടുത്താൽ മലനാട്ടു ഒരുത്ത
രും വെക്കുകയില്ല.

൩൫൦. കുത്തു കൊണ്ട പന്നി നെരങ്ങും പോലെ.

൩൫൧. കുത്തു കൊള്ളുമ്പുറം കുത്തു കൊള്ളാഞ്ഞാൽ പിത്തം
കരേറി ചത്തു പോം.

(കുത്തും തല്ലും ചെണ്ടെക്ക് അപ്പവും ചോറും മാരയാന്നു, (൧൩).

൩൱൨. കുത്തുവാൻ വരുന്ന പോത്തോടു വേദം ഓതിയാൽ കാൎയ്യമൊ?

൩൱൩. കുനിയൻ മദിച്ചാലും ഗോപുരം ഇടിക്കാ.

൩൱൪. കുന്തം കൊടുത്തു കുത്തിക്കൊല്ലാ.

൩൱൫. കുന്തം പോയാൽ കുടത്തിലും തപ്പേണം.

൩൱൬. കുന്തം മുറിച്ച് ഇട്ടി ആക്കരുത്.

൩൱൭. കുന്നല കോനാതിരിയുടെ പടവിയും ഉള്ളാടൻ ചേനന്റെ അവസ്ഥയും.

൩൱൮. കുന്നിക്കുരു കുപ്പയിൽ ഇട്ടാലും മിന്നും.

൩൱൯. കുന്നോളം പൊന്നു കൊടുത്താലും കുന്നിയോളം സ്ഥാനം കിട്ടാ.

൩൱൰. കുപ്പയിൽക്കിടന്നു മാളിക കിനാ കാണും, (൩൬൩).

൩൱൰൧. കുപ്പയിൽ ഇരുന്നൊൻ മാടം കനാ കാണും.

൩൱൰൨. കുപ്പ ചിനക്കിയാൽ ഓട്ടക്കലം.

൩൱൰൩. കുരങ്ങൻ ചത്ത കുറവനെ പോലെ.

൩൱൰൪. കുരങ്ങിന്നു ഏണി ചാരൊല്ല.

൩൱൰൫. കുരങ്ങിന്റെ കൈയിൽ മാല കിട്ടിയതു പോലെ.

൩൱൰൬. കുരൾ എത്തും മുമ്പെ തളപ്പ് അറു.

൩൱൰൭. കുരു ഇരന്ന മലയന്നു ചക്ക കൊടുത്താൽ ഏററമായി.

൯൰൮. കരുടന്മാർ ആനയെ കണ്ട പോലെ.

൯൰൯. കരു വറുത്ത ഓടല്ല; ചക്ക പുഴുങ്ങിയ കലമാകുന്നു.

൱൦൦. കരെക്കുന്ന നായി കടിക്കയില്ല.

൱൦൧. കരെക്കുന്ന നായിക്ക ഒരു പൂള് തേങ്ങാ.

൱൦൨. കറിക്കു വെച്ചാൽ മതില്ലെങ്കിലും കൊള്ളെണം.

൱൦൩. കറിച്ചി വളൎന്നാൽ ആവോലിയോളം.

൱൦൪. കറുക്കന്നു ആമയെ കിട്ടിയതു പോലെ.

൱൦൫. കറുക്കൻ കരഞ്ഞാൽ നേരം പുലരുകയില്ല.

൱൦൬. കറുപ്പു കണ്ടോത്ത കറുപ്പു ഉടുപ്പിന്റെ വിവരം ഞാൻ അറിയുല്ല.

൱൦൭. കറെച്ച ഉള്ളതും കഞ്ഞിയോട്ടു പോയി.

൱൦൮. കലം എളിയവന്നു മനം എളുതു.

൱൦൯. കലം കെട്ടൊന്നെ ചങ്ങാതിയാക്കല്ല.

൱൧൦. കലമല്ലാത്തോന്റെ ചങ്ങാത്തം കെട്ടി, ഊരും ഇല്ല; ഉടലും ഇല്ല.

൱൧൧. കലയാന തലവൻ ഇരിക്കവെ കഴിയാന മലിക്കം കനക്കവെ.

൱൧൨. കലയാന മുമ്പിൽ കഴിയാനയെ പോലെ.

൱൧൩. കളത്തിൽനിന്നു പോയാൽ വലയിൽ; വലയിൽ നിന്നു പോയാൽ കളത്തിൽ.

൱൧൪. കളത്തോടു കോപിച്ചിട്ടു ശൌചിക്കാഞ്ഞാൽ ഊര നാറുകെ ഉള്ളു.

൪൧൫. കുളം കഴിക്കുമ്പോൾ കുററി വേറെ പൊരിക്കേണ്ടാ.

൪൧൬. കഴിച്ചിട്ടതിന്നുറപ്പുണ്ടെങ്കിലെ കൊണ്ടച്ചാരിയതു നില്ക്കും.

൪൧൭. കുഴിയാന മലിച്ചാൽ തലയാന ആകുമൊ?

൪൧൮. കുഴിയാനയുടെ ചേൽ പറയുന്തോറും വഴിയോട്ടു.

൪൧൯. കൂഞ്ഞാളം ചെത്തിയാലും ചുള ഒന്നും ഇല്ല.

൪൨൦. കൂട കിടന്നവനെ രാപ്പനിയെ അറിഞ്ഞു കൂടും.

൪൨൧. കൂടം കൊണ്ട് ഒന്നെങ്കിൽ കോട്ടി കൊണ്ടു രണ്ടു.

൪൨൨. കൂട്ടത്തിൽ കൂടിയാൽ കൂക്കിരിയും വമ്പൻ.

൪൨൩. കൂട്ടിൽ ഇട്ട മെരുവിനെ പോലെ.

൪൨൪. കൂറ കപ്പലിൽ (മണപ്പാട്ടു) പോയ പോലെ.

൪൨൫. കെട്ടിയ മരത്തിന്നു കുത്തരുത്.

൪൨൬. കെട്ടിയിട്ട പട്ടിക്ക് കുപ്പയെല്ലാം ചോറു.

൪൨൭. കെട്ടു പാടിന്നു കൊടുത്താൽ മുട്ടിന്നു കിട്ടും.

൪൨൮. കേമത്തിന്നു കേടില്ല.

൪൨൯. കേരളം ബ്രാഹ്മണൎക്ക് സ്വൎഗ്ഗം, ശേഷം ജാതികൾക്ക നരകം.

൪൩൦. കൈ നനയാതെ മീൻ പിടിക്കാമൊ?

൪൩൧. കൈപ്പത്തടത്തിൽ തവള നില്ക്കേണം.

൪൩൨. കൈപ്പുണ്ണിന്നു കണ്ണാടി (കണ്ണട) വേണ്ടാ.

൪൩൩. കൈയിൽനിന്നു വീണാൽ എടുക്കാം വായിൽനിന്നു വീണാൽ എടുത്തുകൂടാ.

൪൩൪. **കൊ**ങ്ങണം വളഞ്ഞത് എന്നു പറ.

൪൩൫. കൊഞ്ചൻ കോത്തു കളവൻ വറവു.

൪൩൬. കൊഞ്ചൻ തുള്ളിയാൽ മുട്ടോളം ഏറ തുള്ളിയാൽ ചട്ടിയിൽ.

൪൩൭. കൊടാത്തവനോടു വിടാതിരിക്ക.

൪൩൮. കൊടിലിന്നു കൊട്ടു.

൪൩൯. കൊടുത്ത കൈക്കാശയും കൊണ്ട കൈക്ക് ഭീതിയും. (കൊടുക്കുന്നെടത്താശ; കൊള്ളുന്നെടത്തു പേടി.)

൪൪൦. കൊടുത്തു കൊള്ളേണം വിദ്യ; കോത്തു കെട്ടേണം കച്ച.

൪൪൧. കൊണ്ടോൻ തിന്നോൻ വീട്ടട്ടെ.

൪൪൨. കൊണ്ടവൻ കൊടുക്കും; കൊണ്ടവൻ അഞ്ചും.

൪൪൩. കൊണ്ടാടിയാൽ കുരങ്ങിയും ദൈവം.

൪൪൪. കൊണ്ടാൽ കൊണ്ട പരിച്.

൪൪൫. കൊണ്ടെടത്തു കൊടുക്കാഞ്ഞാൽ രണ്ടെടത്തു കൊടുക്കേണം.

൪൪൬. കൊതിച്ചതു വരാ; വിധിച്ചതെ വരും.

൪൪൭. കൊതു പോകുന്നത് അറിയും ആന പോകുന്നത് അറിയുന്നില്ല, (൨൭൮).

൪൪൮. കൊത്തിക്കൊണ്ടു പറക്കാനും വെച്ചോണ്ടു തിന്മാനും പാടില്ല.

൪൪൯. കൊത്തുന്ന കത്തി പണയത്തിലാക്കൊല്ല.

൪൫൦. കൊന്നാൽ പാപം തിന്നാൽ തീരും.

൪൫൧. കൊമ്പൻ എന്നും ചൊല്ലി, പിടിക്കുമ്പോഴേക്ക് ചെവിയൻ.

൪൫൨. കൊമ്പൻ പോയതു മൊഴെക്കും വഴി.

൪൫൩. കൊമ്പന്റെ മുമ്പാക; വമ്പന്റെ പിമ്പാക.

൪൫൪. കൊമ്പുതോറും നനെക്കേണ്ടാ; മുരട്ടു നനെച്ചാൽ മതി.

൪൫൫. കൊല്ലപ്പെരുവഴി തള്ളെക്ക് സ്ത്രീധനമൊ?

൪൫൬. കൊല്ലുന്ന രാജാവിന്നു തിന്നുന്ന മന്ത്രി.

൪൫൭. കോടി ഉടുത്തു കളഞ്ഞര ചെന്നാൽ കൊണ്ടതിൽ പാതി വില.

൪൫൮. കോടി, കോടി, കോടി കൊടുത്താൽ കാണി കൊടുത്ത ഫലം; കോടാതെ ഒരു കാണി കൊടുത്താൽ കോടി കൊടുത്ത ഫലം.

൪൫൯. കോട്ടം പൊളിഞ്ഞാൽ ഭഗവതി പട്ടുവത്തു.

൪൬൦. കോട്ടയിൽ ഉപദേശം അങ്ങാടിയിൽ പാട്ടു.
(കോട്ടയിൽ അകത്തു മന്ത്രം. അ. പ.)

൪൬൧. കോണം കൊടുത്തു പുതപ്പു വാങ്ങി.

൰൬൨. കോന്തല ഇല്ലെങ്കിൽ നാന്തല വേണം

൰൬൩. കോപത്തിന്ന കണ്ണില്ല.

൰൬൪. കോപിക്ക കരണ.

൰൬൫. കോരിക്കണ്ട വാഴ യാകാ; ഉരക്കണ്ട നാരിയാകാ.

൰൬൬. കോൽ ഇവിടെ ഉറെച്ചു; ആലയും ചക്കം ഇനി ഒക്കാനുള്ളു.

൰൬൭. കോളാമ്പിക്ക് തൂക്കിയ ഓട്ട പോലെ.

൰൬൮. കോഴിക്ക് നെല്ലും വിത്തും ഒക്കും.

൰൬൯. കോഴിയിറച്ചി തിന്നുമാറുണ്ടു; കോഴിപ്പൂച്ചട്ടമാറുണ്ടൊ?

൰൭൰. കോഴിമുട്ട ഉടെക്കാൻ കുറുവടി വേണ്ടാ.

൰൭൧. ക്ഷേത്രപാലനു പാത്രത്തോടെ.

൰൭൨. ക്ഷൌരത്തിന്ന തേങ്ങാ കെട്ടത്തയക്കേണം.

൰൭൩. ഗതി കെട്ടാൽ പുലി പുല്ലും തിന്നും.

൰൭൪. ഗതി കെട്ടാൽ എന്തു ചെയ്യാം? ചാമ എങ്കിലും ചെയ്യു.

൰൭൫. ഗുരുക്കളെ നിനെച്ചു കന്തവും വിഴങ്ങേണം.

൰൭൬. ഗുരുക്കൾക്ക കൊടുക്കുന്നത് അപ്പം തിന്നാൽ, പലിശെക്ക് കൊള്ളുന്നതു പുറത്തു.
(ഗുരുക്കൾക്ക് വെച്ചതു ചക്ക കൊണ്ടാൽ പലിശക്കുള്ളതു പുറത്തു.)

൪൭൭. ഗുരുവില്ലാത്ത വിദ്ദ്യയാകാ.

(വല്ല ട ദീപം പോലെ) (൨൭൨.)

൪൭൮. ചക്കയാകുന്നു ചൂന്നു നോക്കുവാൻ.

൪൭൯. ചക്കയോളം കൊത്തിയാലെ ഉലക്കയോളം കാതൽ കിട്ടും.

൪൮൦. ചക്കര കൂട്ടിയാൽ കമ്പിളിയും തിന്നാം, (൨൮൨).

൪൮൧. ചക്കര തിന്നുമ്പോൾ നക്കി, നക്കി; താരം കൊടുക്കു മ്പോൾ മിക്കി, മിക്കി.

൪൮൨. ചക്കര തൊട്ട കൈ നക്കും.

(ചക്കരപ്പാടത്തിൽ കൈയിട്ടാൽ നക്കുകയോ ഇ ല്ലയൊ?)

൪൮൩. ചക്കരെക്ക് അകവും പുറവും ഒക്കും, (ഇല്ല.)

൪൮൪. ചക്കിക്ക് ചങ്കരൻ; അട്ടെക്ക് പൊട്ടക്കുളം.

൪൮൫. ചക്കിന്റെ മുരട്ടെ കുട്ടന്റെ ചേൽ.

൪൮൬. ചക്കെക്ക് തേങ്ങാ കൊണ്ടിട്ടും കൂട്ടെണം.

൪൮൭. ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ടാ.

൪൮൮. ചട്ടിയിലെ പന്നിക്ക് നായാടേണ്ടാ.

൪൮൯. ചണ്ഡാലൻ തീണ്ടിയ പിണ്ണാം പോലെ.

൪൯൦. ചത്താൽ തല തെക്കു പോലും വടക്കു പോലും.

൪൯൧. ചത്തു കിടക്കിലും ഒത്തു കിടക്കേണം.

൪൯൨. ചത്തു പോയ ചിററപ്പനു കാണിക്കാമൊ?

൯൩. ചത്തോന്റെ വീട്ടിൽ കൊന്നോന്റെ പാട്ടു.

൯൪. ചന്തിയില്ലാത്തവൻ ഉന്തിനടക്കും; ചന്തമില്ലാത്ത വൻ പന്തി നടക്കും.

൯൫. ചന്ദനം ചാരിയാൽ മീന്നാറി മണക്കുല്ല.

൯൬. ചവിട്ടിയാൽ കടിക്കാത്ത പാമ്പില്ല.

൯൭. ചാകാത്തത് എല്ലാം തിന്നാം.

൯൮. ചാക്യാരുടെ ആസനം പോലെ.

൯൯. ചാക്യാരെ ചന്തി; വണ്ണാത്താന്റെ മാററു.

൧൦൦. ചാക്കില്ലാത്തനാൾ ആർ പിറന്നു?

൧൦൧. ചാട്ടത്തിൽ പിഴെച്ച കുരങ്ങു പോലെ.

൧൦൨. ചാൺ വെട്ടിയാൽ മുളം നീളം.

൧൦൩. ചാന്തും ചന്ദനവും ഒരുപോലെ.

൧൦൪. ചാരിയാൽ ചാരിയതു മണക്കും.

൧൦൫. ചാലിയന്റെ ഓടം പോലെ.

൧൦൬. ചാലിയർ തിരുമുല്ക്കാഴ്ച വെച്ച പോലെ.

൧൦൭. ചിന്തയില്ലാത്തവന് ശീതമില്ല.

൧൦൮. ചിരിച്ചോളം ദുഃഖം.

൧൦൯. ചീക്കണ്ണനു കോങ്കണ്ണി.

൧൧൦. ചീഞ്ഞ ചോററിന്നു ഒടിഞ്ഞ ചട്ടുകം.

(ചീരമുരട്ടു കാര പൊടിക്കയില്ല. (൩൯൦.)

൫൧൧. ചുട്ടു തല്ലുമ്പോൾ കൊല്ലനും കൊല്ലത്തിയും ഒന്നു.

൫൧൨. ചുണ്ടങ്ങ കൊടുത്തു വഴുതിനിങ്ങ വാങ്ങല്ല.

൫൧൩. ചുമടൊഴിച്ചാൽ ചുങ്കം വിട്ടേണ്ടു.

൫൧൪. ചുമലിൽ ഇരുന്ന് ചെവി തിന്നരുത്.

൫൧൫. ചുവർ ഉണ്ടെങ്കിലെ ചിത്രം എഴുതിക്കൂടു.

൫൧൬. ചുളയില്ലാത്ത ചക്കയും കട്ടു; ചമ്പാടൻ വഴക്കുണ്ടായി.

൫൧൭. ചൂട്ടു കണ്ട മുയലിനെ പോലെ.

൫൧൮. ചെക്കിപ്പൂവോടു ശൈത്താൻ ചുറഞ്ഞ പോലെ.

൫൧൯. ചെട്ടിക്കു കള്ളപ്പണം വന്നാൽ കഴിച്ചു കൂട്ടുകയുള്ളു.

൫൨൦. ചെട്ടിയാന്റെ കപ്പലിന്നു ദൈവം തുണ.

൫൨൧. ചെപ്പിടിക്കാരൻ അമ്പലം വിഴുങ്ങുമ്പോലെ.

൫൨൨. ചെമ്പിൽ അമ്പാഴങ്ങ പുഴുങ്ങി തിന്നിട്ടും ജീവിക്കേണം.

൫൨൩. ചെമ്പെന്നും ചൊല്ലി ഇരുമ്പിന്നു ചോര കളഞ്ഞു.
(ഇരുമ്പിന്നു മുഴക്കു ചോര പോയി)

൫൨൪. ചെറിയോൻ പറഞ്ഞാൽ ചെവിട്ടിൽ പോകാ.

൫൨൫. ചെറുതു കുറുതു പണിക്കു നല്ല വിരുതൻ.

൫൨൬. ചെറുവിരൽ വീങ്ങിയാൽ പെരുവിരലോളം.

൫൨൭. ചെല്ലാത്ത പൊന്നിന്നു വട്ടം ഇല്ല.

൫൨൮. **ചേ**ട്ടെക്ക് പിണക്കവും അട്ടെക്ക് കലക്കവും നല്ലിഷ്ടം.

൫൨൯. ചേമ്പെന്നും ചൊല്ലി വെളിക്കൊ മണ്ണു കയററിയത്.

൫൩൦. ചേര തിന്നുന്ന നാട്ടിൽ ചെന്നാൽ നടുത്തുണ്ടം തിന്നോളു.

൫൩൧. ചേറു കണ്ടേടം ചവിട്ടിയാൽ വെള്ളം കണ്ടേടത്തു നിന്നു കഴുകെണം.

൫൩൨. ചേററിൽ അടിച്ചാൽ നീളെ തെറിക്കും.

൫൩൩. **ചൊ**ട്ടു കൊണ്ടാലും മോതിരക്കൈക്കൊണ്ടു കൊള്ളേണം.

൫൩൪. ചൊറിക്കറിവില്ല.

൫൩൫. **ചോ**റങ്ങും കൂറിങ്ങും.

൫൩൬. ചോറും കൊടന്നതാ! കറി പോകുന്നു.

൫൩൭. ചോറും വെച്ചു കൈ മുട്ടുമ്പോൾ കാക്കച്ചി വരൊൻ. (വരും.)

൫൩൮. ചോറുണ്ടാകുമ്പോൾ ചാറില്ല, ചാറുണ്ടാകുമ്പോൾ ചോറില്ല; രണ്ടും ഉണ്ടാകുമ്പോൾ ഞാനില്ല.

൫൩൯. ചേദം വന്നാലും ചിത്തം വേണം.

൫൪൦. ജലരേഖ പോലെ.

൫൪൧. ഞെക്കി പഴുപ്പിച്ച പഴം പോലെ.

൫൪൨. ഡില്ലിയിൽ മീതെ ജഗഡില്ലി.

൫൪൩. തകൃതിപ്പുലിശ തടവിന്നാകാ.

൫൪൪. തക്കം എങ്കിൽ തക്കം; അല്ലെങ്കിൽ വെക്കം.

൫൪൫. തക്കവെക്കു് തക്കവണ്ണം പറകൊള്ളൂ.

൫൪൬. തഞ്ചത്തിന്നു വളം വേണ്ടാ.

൫൪൭. തട്ടാൻ തൊട്ടാൽ പത്തിന്നു എട്ടു (എട്ടാൽ ഒന്നു.)

൫൪൮. തല്ക്കാലവും സദൃശവും ഉപ്പു പോലെ.

൫൪൯. തങ്കലം വറ്റി ധൎമ്മം ചെയ്യരുതു്.

൫൫൦. തനിക്കല്ലാത്തതു തുടങ്ങരുതു്.

൫൫൧. തനിക്കിറങ്ങിയാൽ തനിക്കറിയാം.

൫൫൨. തനിക്കു് ചുട്ടപ്പോൾ കുട്ടി അടിയിൽ.

൫൫൩. തനിക്കു് താനും പുരെക്കു് തൂണും.

൫൫൪. തനിക്കു് വിധിച്ചതെ പുരെക്കു് മീതെ.

൫൫൫. തനിക്കു വേണ്ടുകിൽ എളിയതും ചെയ്യാം.

൫൫൬. തനിക്കൊരു മുറം ഉണ്ടെങ്കിലെ തവിട്ടിന്റെ ഗുണം അറിയും.

൫൫൭. തൻ കാണം തൻ കൈയിൽ അല്ലാത്തൊന്നു ചാട്ടു് ഒന്നു.

൫൫൮. തന്നിൽ എളിയതു തനിക്കിര.

൫൫൯. തന്നില്ലും പൊരിച്ച ധനം ഉണ്ടൊ?

൭൱. തന്നിഷ്ടത്തിന്നു മരുന്നില്ല.

൭൱൧. തന്നെ കൊല്ലുവാൻ വന്ന പശുവിനെ കൊന്നാൽ ദോഷമില്ല.

൭൱൨. തന്നെത്താൻ അറിയാഞ്ഞാൽ പിന്നെ താൻ അറിയും.

൭൱൩. തന്മേൽ കാച്ചുതു മുരട്ടിൽ വീഴും.

൭൱൪. തന്റെ ഒരു മുറം വെച്ചിട്ടു ആരാന്റെ അര മുറം പറയരുതു്.

൭൱൫. തന്റെ കണ്ണിൽ ഒരു കോലിരിക്കെ അന്യന്റെ കണ്ണിലെ കരടു നോക്കരുതു്.

൭൱൬. തന്റെ കൈയെ തലെക്കു വെച്ചൂടും.

൭൱൭. തന്റെ മിടാകാഞ്ഞിട്ടു ആരാന്റെ കണ്ണാടി പൊളിക്കൊല്ലാ.

൭൱൮. തല മറന്നു എണ്ണ തേക്കരുതു്

൭൱൯. തലമുടിയുള്ളവക്കു രണ്ടു പുറവും തിരിച്ചു കെട്ടാം.

൭൰. തലയുള്ളന്നും മൂക്കിലെ വെള്ളം വററുകയില്ല.

൭൰൧. തല വലിയവന്നു പൊത്തിൽ പോയിക്കൂടാ.

൭൰൨. തല്ലു കൊള്ളുവാൻ ചെണ്ട, പണം വാങ്ങുവാൻ മാരാൻ. (൩൮൧.)

൭൰൩. തവള പിടിച്ചു ഗണപതിക്കു വെച്ചതു പോലെ.

൭൰൪. തവിടു തിന്നുമ്പോൾ കുഴൽ വിളിക്കരുതു്.

൭൰൫. തവിടു തിന്നാലും തകൃതി കളയരുതു്.

൪൯൬. തളികയിൽ ഉണ്ടാലും തേക്കും.

൪൯൭. തള്ളെക്ക് ചുട്ടമ്പോൾ കുട്ടി ഇടചവിട്ടും.
(അച്ചിക്ക് പൊള്ളുന്നേരം കുട്ടിയെ പിടിച്ചു ചന്തിക്ക് വെക്കും.)

൪൯൮. താങ്ങോർ ഉണ്ടെങ്കിൽ തളച്ചു ഉണ്ടു.

൪൯൯. താണ കണ്ടത്തിൽ എഴുന്ന വിള.

൪൱൦. താണ നിലത്തെ നീർ ഒഴുകും; അതിനെ ദൈവം തുണ ചെയ്യും.
(താണ പുറത്തെ വെള്ളം നില്ക്കും.)

൪൱൧. താൻ ആകാഞ്ഞാൽ കൊണ്ടത്തിരിക്ക; പല്ലാകാഞ്ഞാൽ മെല്ലെ ചിരിക്ക.

൪൱൨. താൻ ഇരിക്കുന്നേടത്തു താൻ ഇരിക്കാഞ്ഞാൽ അവിടെ പിന്നെ നായിരിക്കും.

൪൱൩. താൻ ഉണ്ണാത്തേവർ വരം കൊടുക്കുമൊ?
(താൻ ഒട്ടെളുതായാൽ കൊണ്ടത്തിരിക്കേണം, പല്ലൊട്ടെളുതായാൽ മെല്ലെ ചവക്കണം, (൪൱൧.)

൪൱൪. താൻ ചത്തു മീൻ പിടിച്ചാൽ ആക്കു കൂട്ടാൻ ആകുന്നു.

൪൱൫. താൻ ചെന്നാൽ മോർ കിട്ടാത്തെടത്തു നിന്നൊ ആളെ അയച്ചാൽ പാൽകിട്ടുന്നു.

൪൱൬. താന്താൻ കുഴിച്ചതിൽ താന്താൻ.

൬൮൭. താന്തൊന്നിക്കും മേത്തൊന്നിക്കും പ്രതിയില്ല.

൬൮൮. താനോന്നടാപ്പൊന്നിന്റെ മാറററിയാ.

൬൮൯. താൻ പാതി, ദൈവം പാതി. (൬൭)

൬൯൦. താരം അഴിയാതെ പൂരം കൊള്ളാമൊ?

൬൯൧. താരം കൊണ്ടുരുട്ടിയാൽ ഓടം കൊണ്ടുരുട്ടും.

൬൯൨. താററമണി പോലെ.

൬൯൩. താളിനുപ്പില്ല എന്നും താലിക്കു മുത്തില്ല എന്നും.

൬൯൪. താഴിരിക്കെ പടിയോടു മുട്ടല്ല.

൬൯൫. താഴത്തു വീട്ടിൽ വന്ന വെള്ളിയാഴ്ച മേലെ വീട്ടിലും.

൬൯൬. താഴെ കൊയ്യുവൻ ഏറ ചുമക്കേണം.

൬൯൭. തിണ്ടിന്മേൽ നിന്നു തെറി പറയരുതു.

൬൯൮. തിന്ന വായും കൊന്ന കൈയും അടങ്ങുകയില്ല.

൬൯൯. തിര നീക്കി കടലാടാൻ കഴിയുമൊ?
(തിര അടങ്ങി കളിക്കാമൊ?)

൭൦൦. തിരുവാഴ്ത്തിർ വായില്ല.

൭൦൧. തീക്കട്ട കഴുകിയാൽ കരിക്കട്ട, (൭൦൯.)

൭൦൨. തീക്കനൽ അരിക്കുന്ന എറുമ്പു കരിക്കട്ട വെച്ചേക്കുമൊ?

൭൦൩. തീക്കൊള്ളിമേലെ മീറു കളിക്കുമ്പോലെ.

൭൦൪. തീയിൽ മുളെച്ചതു വെയിലത്തു ചാകാ.

൬൦൫· തുടങ്ങല്ല മുമ്പെ അതാവതോളം; തുടങ്ങിയാൽ പിന്നതു കൈവിടല്ല.
(അല്ലാത്തെടത്തിൽ ചെല്ലല്ല; ചെന്നാൽ പിന്നെ പോരല്ല.)

൬൦൬· തുണയില്ലാത്തവൎക്കു് ദൈവം തുണ.

൬൦൭· തൂകമ്പോൾ (ഉഴിഞ്ഞു ചാട്ടുമ്പോൾ) വെറുക്കൊണ്ടു.

൬൦൮· തെക്കോട്ടു പോയ കാറു പോലെ; വടക്കോട്ടു പോയ ആളെ പോലെ.

൬൦൯· തെങ്ങുള്ള വളപ്പിലെ തേങ്ങാ കൊണ്ടുപോയിക്കൂടെ?

൬൧൦· തെളിച്ചതിലെ നടക്കാഞ്ഞാൽ നടന്നതിലെ തെളിക്ക.

൬൧൧· തേങ്ങാ പത്തരച്ചാലും താളല്ലെ കറി?

൬൧൨· തേങ്ങാപ്പിണ്ണാക്കിന്നു പ്രിയം വലിപ്പിക്കേണ്ടു.

൬൧൩· തേവർ ഇരിക്കെ വേദിക്കല്ലിനെ തൊഴേണ്ടു.

൬൧൪· തേവിയാൻ കടിച്ചാലും അന്തിക്കേത്തെ ചോറു മുട്ടും.

൬൧൫· തേറിയോനെ മാറല്ല; മാറിയോനെ തേറല്ല.

൬൧൬· തോട്ടംതോറും വാഴ, നാട്ടുതോറും ഭാഷ.

൬൧൭· തോണി മറിഞ്ഞാൽ പുറം നല്ലു.

൬൧൮· തോണിയിൽ കടന്നു പാഞ്ഞാൽ കരെക്കണകയില്ല.

൬൧൯· തോററ പുറത്തു പടയില്ല.

൬൨൦. ദാനം ചെയ്ത പശുവിന്റെ പല്ലു നോക്കരുത്.

൬൨൧. ദുഗ്ദ്ധം ആകിലും കൈക്കും; ദുഷ്ടർ നല്കിയാൽ.

൬൨൨. ദുൎജ്ജനസമ്പൎക്കത്താൽ സജ്ജനം കെടും.

൬൨൩. ദുൎബ്ബലന്റെ രാജാ ബലം; ബാലൎക്കു കരച്ചൽ ബലം.

൬൨൪. ദൂരത്തെ ബന്ധുവെക്കാൾ അരികത്തെ ശത്രു നല്ലു.

൬൨൫. ദൈവം ഉള്ളനാൾ മറക്കുമൊ?

൬൨൬. ധൎമ്മടം പിടിച്ചതു കോയ അറിഞ്ഞില്ല.

൬൨൭. ധൎമ്മ ദൈവവും തലമുടിയും തനിക്ക് നാശം.

൬൨൮. ധൂപം കാട്ടിയാലും പാപം പോകാ.

൬൨൯. ധ്യാനമില്ലാഞ്ഞാലും മൌനം വേണം.

൬൩൦. നക്കുന്ന നായിക്ക് സ്വയംഭൂവും പ്രതിഷ്ഠയും ഭേദം ഉണ്ടൊ?

൬൩൧. നഗരത്തിൽ ഇരുന്നാലും നരകഭയം വിടാ.

൬൩൨. നഞ്ചേററ മീൻ പോലെ.

൬൩൩. നടന്ന കാൽ ഇടറും (ഇരുന്ന കാൽ ഇടറുന്നില്ല.)

൬൩൪. നടന്നു കെട്ട വൈദ്യനും; ഇരുന്നു കെട്ട വേശ്യയും ഇല്ല.

൬൩൫. നനെച്ചിറങ്ങിയാൽ കുളിച്ചു കയറും.

൬൩൬. നനെഞ്ഞ കിഴവി വന്നാൽ ഇരുന്ന വിറകിന്നു ചേതം.

൱൩൰൭. നനെഞ്ഞവനു ഈറൻ ഇല്ല; തുനിഞ്ഞവനു ദുഃഖം ഇല്ല.

൱൩൰൮. നമ്പി, തുമ്പി, പെരിച്ചാഴി, പട്ടരും, പൊതുവാൾ തഥാ! ഇവർ ഐവരും ഉള്ളേടം ദൈവമില്ലെന്നു നിണ്ണയം (വാൻ.)

൱൩൰൯. നമ്പൃതിരിക്കെന്തിന്നണ്ടവല?

൱൪൰. നമ്പോലൻെറ അമ്മ കിണററിൽ പോയ പോലെ; (വെള്ളത്തോടനെ മുതല പിടിച്ചതു പോലെ.)

൱൪൰൧. നയശാലിയായാൽ ജയശാലിയാകാം.

൱൪൰൨. നരകത്തിൽ കരുണയില്ല, സ്വൎഗ്ഗത്തിൽ മരണം ഇല്ല.

൱൪൰൩. നരിക്കണ്ടൊ പശുക്കല?

൱൪൰൪. നരി നരെച്ചാലും കടിക്കും.

൱൪൰൫. നരി പൊററ മടയിൽ കുറുക്കൻ പെറുകയില്ല.

൱൪൰൬. നരിയിൻ കയ്യിൽ കുടച്ചിയെ പോററുവാൻ കൊടുത്തതു പോലെ.

൱൪൰൭. നാട്ടു വിട്ട രാജാവും ഊർ വിട്ട പട്ടിയും ഒരു പോലെ.

൱൪൰൮. നാടെനിക്കു നഗരം എനിക്കു പകൽ എനിക്കു വെളിവില്ല.

൱൪൰൯. നാട് ഓട്ടുമ്പോൾ നടുവെ.

൬൫൦. നാട്ടിലെ വലിയോർ പിടിച്ചാൽ അരുത് എന്ന് പാട്ടുണ്ടോ?

൬൫൧. നാണം കെട്ടവനെ കോലം കെട്ടും (ഭൂതം കെട്ടി കൂട്ടും.)

൬൫൨. നാഥനില്ലാത്ത നിലത്തു പട ആകാ.

൬൫൩. നായകം പറിച്ച പതക്കം പോലെ.

൬൫൪. നായാട്ടു നായ്ക്കൾ തമ്മിൽ കടിച്ചാൽ പന്നി കുന്നു കയറും.

൬൫൫. നായായി പിറക്കിലും തറവാട്ടിൽ പിറക്കേണം.

൬൫൬. നായി നടുക്കടലിൽ ചെന്നാലും നക്കീട്ടെ കുടിക്കൂ.

൬൫൭. നായിനെ കാണുമ്പോൾ കല്ലു കാണുന്നില്ല.

൬൫൮. നായിന്റെ വാൽ ഓടക്കുഴലിലിട്ടു വലിച്ചാലും നേരെയാകയില്ല.

൬൫൯. നായി പത്തു പെററിട്ടും ഫലമില്ല; പശു ഒന്നു പെററാലും മതി.

൬൬൦. നാഴൂരാഴ്ക്കത്തിന്നു ധൂപം കാട്ടൊല്ല.

൬൬൧. നാഴൂരാഴ്ക്കത്തിന്നു മേല്ക്കോട്ടം ഉണ്ടെങ്കിൽ നാഴൂരാഴ്ക്കും വില പോകും.

൬൬൨. നാററാൻ കൊടുത്താൽ നക്കരുത്.

൬൬൩. നാലാം കരുന്തല നഷ്ടം.

൬൬൪. നാലാൾ പറഞ്ഞാൽ നാടും വഴങ്ങണം.

൬൬൫. നിടിയോന്റെ തലയിൽ വടി.

൬൬൬. നിട്ടവാൾ പോയാൽ കോട്ടവാൾ നിട്ടവാൾ.

൬൬൭. നിട്ടമ്പന പോയാൽ കുറുമ്പന നിട്ടമ്പന.

൬൬൮. നിത്യാഭ്യാസി ആനയെ എടുക്കും (൩൪)

൬൬൯. നിന്ന കന്ന് കുഴിക്കല്ലെ.

൬൭൦. നിന്റെ കെട്ടും എന്റെ കൊത്തും സൂക്ഷിച്ചൊ?

൬൭൧. നിന്റെ വായി കണ്ടാൽ വെളുത്തേടന്റെ അറ തുറന്നതു പോലെ.

൬൭൨. നിറക്കുടം തുളുമ്പുകയില്ല; അരക്കുടം തുളുമ്പും.

൬൭൩. നിലത്തു വെച്ചു മുഖത്തു നോക്കും.

൬൭൪. നിലാവു കണ്ട നായി വെള്ളം കുടിക്കുമ്പോലെ.

൬൭൫. നിലെക്കു നിന്നാൽ മലെക്കു സമം.

൬൭൬. നിലെക്കു നിന്നാൽ വിലെക്ക് പോകും.

൬൭൭. നിഴലിനെ കണ്ടിട്ടു മണ്ണിന്നടിച്ചാൽ കൈ വേദന പ്പെടുക അല്ലാതെ ഫലം ഉണ്ടോ?

൬൭൮. നീചരിൽ ചെയ്യുന്ന ഉപകാരം നീററിലെ വര പോലെ, (൫൪൦) തോണിയുടെ നടുവിൽനിന്നു തുഴയുന്നതു പോലെ.

൬൭൯. നീരൊലി കേട്ടു ചെരിപ്പഴിക്കേണമൊ? (൯.)

൬൮൦. നീർക്കോലിയും മതി അത്താഴം മുടക്കാൻ (൬൧൪).

൬൮൧. നീർ നിന്നേടത്തോളം ചളി (ചേറു കെട്ടും.)

൬൮൨. നീറാലിയിൽ ആറുകാൽ ആകാ.

൬൮൩. നീററിൽ അടിച്ചാൽ കോലെ മുറിയും നീർ എല്ലാം ഒന്നു തന്നെ.

൬൮൪. നുണക്കാതെ ഇറക്കിക്കൂടാ; ഇണങ്ങാതെ പിണങ്ങിക്കൂടാ.

൬൮൫. നുള്ളിക്കൊട്ടു, ചൊല്ലിക്കൊട്ടു, തല്ലിക്കൊട്ടു, തള്ളിക്കള.

൬൮൬. നെയി കൂട്ടിയാൽ നഞ്ഞെറിയും; അകത്തിട്ടാൽ പുറത്തറിയാം.

൬൮൭. നെയ്യപ്പം തിന്നാൽ രണ്ടുണ്ടു ലാഭം; മീട്ടും മിനുക്കാം വയറും നിറയും.

൬൮൮. നെല്ക്കാരിയന്നു മക്കൾ പിറന്നാൽ മക്കടെ മക്കളും നെല്ക്കാരിയർ.

൬൮൯. നെല്ലൊത്തിയിൽ പുക്ക മൂഷികൻ പോലെ.

൬൯൦. നെല്ലിൽ തുരുമ്പില്ലെന്നും, പണത്തിൽ കള്ളൻ ഇല്ലെന്നും വരുമൊ?

൬൯൧. നെല്ലു പൊലിവിന്നു കൊട്ടുതൊടത്തുനിന്നു അരിവാച്ചു വാങ്ങല്ല.

൬൯൨. നെല്ലും മോരും കൂട്ടിയതു പോലെ.

൬൯൩. നേടി ഉണ്മാൻ പോയ കൃത്തിച്ചി കണ്ണാടി വിററു.

൬൯൪. നേരെ വന്നാൽ ചുരിക; വളഞ്ഞു വന്നാൽ കട്ടത്തില.

൬൯൫. നേർ പറഞ്ഞാൽ നേരത്തെ പോകാം.

൯൰൬. നൊന്തവൻ അന്തം പറയും.

൯൰൭. നോക്കി നടക്കുന്ന വള്ളി കാല്ക്കു തടഞ്ഞു.

൯൰൮. പകരാതെ നിറെഞ്ഞാൽ കോരാതെ ഒഴിയും.

൯൰൯. പകൽ എല്ലാം തപസ്സു ചെയ്തു. രാത്രിയിൽ പശുവിൻ കണ്ണു തിന്നും.

൧൦൦. പകൽ കക്കുന്ന കള്ളനെ രാത്രിയിൽ കണ്ടാൽ തൊഴെണം.

൧൦൧. പകൽ കണ്ണുകാണാത്ത നത്തു പോലെ.

൧൦൨. പകൽ വിളക്കു എന്ന പോലെ.

൧൦൩. പക്ഷിക്കാകാശം ബലം; മത്സ്യത്തിന്നു വെള്ളം ബലം.

൧൦൪. പട കണ്ട കുതിര പന്തിയിൽ അടങ്ങാതു.

൧൦൫. പടയിൽ ഉണ്ടോ കുടയും വടിയും?

൧൦൬. പക്ഷിക്കു കൂടു; മക്കൾക്കു അമ്മ.

൧൦൭. പടിക്കൽ കുടം ഇട്ടുടെക്കല്ലെ!

൧൦൮. പടെക്കും അടെക്കും കുടെക്കും ചളിക്കും നടു നല്ലു. (൯൰൧)

൧൦൯. പട്ടുക്കുണ്ടോ പടയും വിനയും; പൊട്ടുക്കുണ്ടോ വാക്കും പോക്കും?

൧൧൦. പട്ടർ പാട്ടു വന്ന പോലെ.

൧൧൧. പട്ടാണി തൊട്ട ആന പോലെ.

൧൧൨. പട്ടുനൂലും വാഴനാരും പോലെ.

൧൫൩. പട്ടും വളയും പണിക്കെക്ക് വെട്ടും കുത്തും പലി ശെക്ക് (൩൬൧.)

൧൫൪. പണക്കാരൻ ഈററയൻ എന്നും; അഭ്യാസി കുടി ലൻ എന്നും കരുതരുതു.

൧൫൫. പണത്തിന്നും മീതെ പരുന്തും പറക്കയില്ല.

൧൫൬. പണമരിക്കെ ഞായം മലയരിക്കെ ഉറവു.

൧൫൭. പണമുള്ളവന്നെ മണം ഉള്ളു; (പണമില്ലാത്തവൻ പുല്ലുപോലെ.)

൧൫൮. പണമെ ഗുണം.

൧൫൯. പണം കട്ടിന്മേൽ കുലം കുപ്പയിൽ.

൧൬൦. പണം നോക്കിന്ന് മുഖം നോക്കില്ല.

൧൬൧. പണം, പണം എന്നു പറയുമ്പോൾ പിണവും വാ യി പിളക്കും.

൧൬൨. പണിക്കർ വീണാലും അഭ്യാസം.

൧൬൩. പണിക്കർ വീണാലും രണ്ടുരുളും.

൧൬൪. പണ്ടു കഴിഞ്ഞതും പടയിൽ ചത്തതും പറയേണ്ടാ.

൧൬൫. പണ്ടൊരാൾ പറഞ്ഞ പോലെ.

൧൬൬. പന്നി മുറിച്ചാൽ പന്നിക്കുറക; വാഴുണ്ണി മുറിച്ചാൽ ഉണ്ണിക്കുറക.

൧൬൭. പന്നി മൃത്താൽ കന്നണയും; ആളുമൃത്താൽ കുലം അണയും.

൧൬൮. പന്നിയെ പായും; കടവു ശേഷിക്കും.

൧൨൯. പതം ഉള്ളെടം പാതാളം.

൧൩൦. പരപക്ഷം ചെയ്യോന്നു പരലോകം ഇല്ല.

൧൩൧. പരുത്തിയോളമെ നൂൽ വെളുക്കും.

൧൩൨. പറഞ്ഞാൽ കെൾക്കാത്തവനു വന്നാൽ ഖെദം ഇല്ല.

൧൩൩. പല തുള്ളി പെരു വെള്ളം.

൧൩൪. പലർ ഈന്ത്യം അണ്ടി തിന്നിക്കെങ്കിൽ തന്റെ പെ
ട്ടകത്താക്കേണം.

൧൩൫. പലരും കൂടിയാൽ പാമ്പും ചാക.

൧൩൬. പല്ലിടുക്കിൽ കുത്തി മണപ്പാൻ കൊടുക്കരുതു.

൧൩൭. പശു കുത്തുമ്പോൾ പഞ്ചാക്ഷരം ഓതിയാൽ പോ
രാ (൩൮.)

൧൩൮. പശു കുത്തുമ്പോൾ മമ്മം നോക്കരുത്.

൧൩൯. പശു ചത്തിട്ടും മോരിലെ പുളി പോയില്ല.

൧൪൦. പശു ചത്തെടത്തു കഴു എത്തുമ്പോലെ.

൧൪൧. പള്ളിച്ചാനെ കാണുമ്പോൾ കാൽ കടഞ്ഞു.

൧൪൨. പഴഞ്ചൊല്ലിൽ പതിർ ഉണ്ട് എങ്കിൽ പശുവിൻ
പാലും കൈക്കും [പഴഞ്ചൊൽ ഒക്കാതിരുന്നാൽ,
പശുവിൻ പാലും കൈക്കും.]

൧൪൩. പഴുമ്പിലാവില വീഴുമ്പോൾ പച്ചപ്പിലാവില ചി
രിക്കവേണ്ടാ.

൧൪൪. പഴുക്കാൻ മൂത്താൽ പറിക്കേണം.

൧൪൫. **പാ**ങ്ങൻ നന്നെങ്കിൽ പടിക്കൽ ഇരുന്നാലും മതി.

൧൪൬. പാങ്ങർ ഒക്ക പടിക്കലോളം.

൧൪൭. പാഞ്ഞവൻ തളരും.

൧൪൮. പാണന്റെ നായി പോലെ.

൧൪൯. പാപി ചെല്ലുന്നെടം പാതാളം.

൧൫൦. പാമ്പിന്നു പാൽ വിഷം; പശുവിന്നു പുല്ലു പാൽ.

൧൫൧. പാമ്പോട്ട വേറായ തോൽ പോലെ.

൧൫൨. പാററി തുപ്പിയാൽ പള്ളിയറയിലും തുപ്പാം.

൧൫൩. പാലം കടക്കുവോളം നാരായണ പാലം കടന്നാൽ പിന്നെ കൂരായണ.

൧൫൪. പാലിന്നു പഞ്ചാര.

൧൫൫. പാലു വിളമ്പിയെടത്തു പഞ്ചതാര; മോർ വിളമ്പിയെടത്തുപ്പു.

൧൫൬. പാളയം പോയ നിരത്തു പോലെ.

൧൫൭. **പി**ടിച്ചതിനെ വിട്ടു പറക്കുന്നതിൻ വഴിയെ പായരുതു.

൧൫൮. പിടിച്ചതു മറന്നിട്ടു മറന്നതു പിടിക്കുമ്മുമ്പെ വശമാക്കെണ്ടതെല്ലാം വശമാക്കേണം.

൧൫൯. പിടിച്ചപ്പോൾ ഞെക്കിടാഞ്ഞാൽ ഇളക്കുമ്പോൾ കടിക്കും.

൧൬൦. പിടിച്ചു വലിച്ചു കുപ്പായം ഇട്ടാൽ പറിച്ചു കീറി പോകും.

൭൬൧. പിണം കണ്ട കഴു പോലെ.

൭൬൨. പിണം ചുട്ടാലും ഋണം ചുടാ.

൭൬൩. പിണ്ണാക്കും കുത്തും ഒപ്പം.

൭൬൪. പിലാവിന്റെ കാതൽ പൃതലാകുമ്പോൾ തേക്കിന്റെ ഇളന്തല പച്ച വിടും.

൭൬൫. പിള്ള ചിത്തം പിനാറും; നായി ചിത്തം തുണിക്കീറും.

൭൬൬. പിള്ളപ്പണി തീപ്പണി; തള്ളെക്കു രണ്ടാം പണി.

൭൬൭. പിള്ളരെ കൂട കളിച്ചാൽ വിറു കെടും.

൭൬൮. പിള്ളരെ മോഹം പറഞ്ഞാൽ തീരും; മൂരിമോഹം മൂളിയാൽ തീരും.

൭൬൯. പുത്തൻ പെണ്ണു പുരപ്പുറം അടിക്കും; പിന്നെ പെണ്ണു പെയിച്ചെടം അടിക്കയില്ല.

൭൭൦. പുഞ്ച പുറത്തിട്ട് വേലി കെട്ടുക.

൭൭൧. പുരയില്ലാത്തവനുണ്ടോ തീപ്പേടി?

൭൭൨. പുരവലിപ്പാൻ പറഞ്ഞാൽ ഇറയെ വലിക്കാവു.

൭൭൩. പുരെക്കു മീതെ വെള്ളം വന്നാൽ അതുക്കു മീതെ തോണി.

൭൭൪. പുരെക്കൊരു മുത്തി (തിത്തി) അരെക്കൊരു കത്തി.

൭൭൫. പുലന്ന കുറുക്കനെ പോലെ.

൭൭൬. പുല്ലിട്ട തീയും; പുലയരെ ബാന്ധവവും

൭൭൭. പുല്ലിൽ തൂകിയ നെയി പോലെ.

൭൭വ്വ· പ്പല്ലു തച്ച നെല്ലിന്നു കീറിയ പായി.

൭൭ൻ· പൂച്ച വീണാൽ തഞ്ചത്തിൽ.

൭വ്വം· പൂച്ചെക്കു വിളയാട്ടം; എലിക്കു പ്രാണവേദന (എലിക്കു മുറുക്കം, ചേരെക്കു വിളയാട്ടം.)

൭വ്വൡ· പൂത്തതൊക്ക മാങ്ങയും അല്ല; പെററതു ഒക്ക മക്കളും അല്ല; നേടിയതു എല്ലാം പണവുമല്ല.

൭വ്വവ· പൂവാഴത്തോട്ടത്തിൽ പേടില്ല.

൭വ്വന്മ. പൂളം കൊണ്ടു പാലം ഇട്ടാൽ കാലം കൊണ്ടറിയും.

൭വ്വൿ· പൃഷ്ഠം നന്നെങ്കിൽ മുഖം ആകാ.

൭വ്വൠ· പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും തടുത്തു കൂടാ.

൭വ്വന്ധ· പെൺപട, പടയല്ല; മൺചിറ, ചിറയല്ല.

൭വ്വ൭· പെൺപിള്ള എല്ലാവക്കും ഒക്ക.

൭വ്വവ്വ· പെരിയോരോടു എളിയോൻ നടു പറയരുതു.

൭വ്വൻ· പെരുവഴി തുവെക്കരമില്ല.

൭ൻ൦· പെററമ്മെക്കു ചോറു കൊടുത്തൊ മുത്താച്ചിക്കരിയളപ്പാൻ?

൭ൻൡ· പെററവൾ ഉണ്ണുന്നതു കണ്ടു മച്ചി കൊതിച്ചാൽ കായ്ക്കുമൊ? (കണ്ടു വററി കതം പാഞ്ഞാൽ എന്തു ഫലം.)?

൭ൻവ· പോടിക്കു കാട്ടു ദേശം പോരാ.

൭൯൩. പേട്ടു മുട്ടെക്കു് പട്ടിണിയിടല്ല.

൭൯൪. **പൊ**ട്ടൻ പറഞ്ഞതെ പട്ടേരിയും വിധിക്കും.

൭൯൫. പൊൻ തൂക്കുന്നേടത്തു പൂച്ചെക്കെന്തു? (പൊന്നുരുക്കുന്നേടത്തു.)

൭൯൬. പൊന്നാരം കുത്തിയാൽ അരി ഉണ്ടാകയില്ല.

൭൯൭. പൊന്നു കാക്കുന്ന ഭൂതം പോലെ.

൭൯൮. പൊന്നു വെക്കേണ്ടയിടത്തിൽ പൂവെങ്കിലും വെക്കേണം.

൭൯൯. പൊന്നു ഒൻ, പണി പലതു.

൮൦൦. പൊൻ സൂചികൊണ്ടു കുത്തിയാലും കണ്ണു പൊം.

൮൦൧. പൊരുത്തങ്ങളിൽ മനപ്പൊരുത്തം മതി.

൮൦൨. **പോ**കേണ്ടതു പോയാൽ ബുദ്ധിവെക്കും; വേവേണ്ടതു വെന്താൽ തീയും കത്തും.

൮൦൩. പോക്കററാൽ പുലി പുല്ലും തിന്നും (൪൯൩.)

൮൦൪. പോത്തിന്റെ ചെവിട്ടിൽ കിന്നരം വായിക്കുന്നതു പോലെ.

൮൦൫. പോത്തിന്റെ മേൽ ഉണ്ണി കടിച്ചതു പോലെ.

൮൦൬. പോത്തു കൂട വെള്ളം കുടിക്കാത്ത കാലം.

൮൦൭. പോയാൽ പൊറുക്കുവാൻ പൊണ്ണാച്ചിയും മതി.

൮൦൮. പോരുന്നോരെ പോരുമ്മ; പോരാത്താളുടെ ചന്തിമേൽ.

വ്യാൻ· ബന്ധു ആറു കരയുന്നതിനെക്കാളും ഉടയവൻ ഒ
ന്നു കരഞ്ഞാൽ മതി.
(പാക്കയി വെളുത്താൽ പരുത്തിയോളം.) (൭൬൨.)

വ്യ൰ാ· ബാലർ പടെക്കാകാ; ഇളന്തേങ്ങാ കറിക്കാകാ.

വ്യ൰൰· ബാലശാപവും നാരീശാപവും ഇറക്കിക്കൂടാ.

വ്യ൰൨· ഭക്തിയാലെ മുക്തി; യുക്തിയാലെ ഉക്തി.
(ഭയത്താലെ ഭക്തി; നയത്താലെ യുക്തി).

വ്യ൰൩· ഭണ്ഡാരത്തിൽ പണം ഇട്ടപോലെ.
(ഭിക്ഷെക്ക് വന്നവൻ പെണ്ടിക്കുമാളില്ല).

വ്യ൰൪· ഭോജനം ഇല്ലാഞ്ഞാൽ ഭാജനം വേണം.

വ്യ൰൫· മകം പിറന്ന മങ്ക; പൂരാടം പിറന്ന പുരുഷൻ.

വ്യ൰൬· മകരം (മേടം) വന്നാൽ മറിച്ചെണ്ണണ്ടാ.

വ്യ൰൭. മക്കൾ ഉണ്ടെങ്കിൽ പടെക്കൽ കാണാം.

വ്യ൰൮ മക്കൾക്ക് മടിയിലും മരുമക്കൾക്ക് വളപ്പിലും ച
വിട്ടരുത്.

വ്യ൰ൻ· മങ്ങപിക്കു പൂളുവെക്കുന്നതു പോലെ.

വ്യവ൦· മച്ചറിയുമൊ ഈററു നോവു; പൊററവൾക്കറിയാം
പിള്ളവരുത്തം.

വ്യവ൰· മഞ്ഞച്ചേര മലൻ കടിച്ചാൽ മലനാട്ടിൽ എങ്ങും
മരുന്നില്ല.

൮൨൨. മടിയിൽ അരി ഉണ്ടെങ്കിൽ പെങ്ങളെ വീട്ടു ചോദി ക്കേണമൊ?

൮൨൩. മണ്ണു തിന്നുന്ന മണ്ഡലിയെ പോലെ.

൮൨൪. മത്തത്ത പാലിന്നില്ലാത്തതോ പുളിച്ച് മോററിന്നു.

൮൨൫. മധുരത്തിൽ ഉത്തമം വാഗ്മധുരം.

൮൨൬. മനകെട്ടി മലയാളൻ കെട്ടു.

൮൨൭. മനസ്സിൽ ചക്കര മത്തക്കയില്ല.

൮൨൮. മനസ്സൊപ്പമായാൽ ഉലക്ക മേലും കിടക്കാം (൨൪൭).

൮൨൯. മനോരഞ്ജ നരഞ്ജന എങ്കിൽ ചാണകക്കുന്തിയും സമ്മന്തി.

൮൩൦. മരത്തിന്നു വേർ ബലം; മനുഷ്യന്നു ബന്ധു ബലം (൧൧൬.)

൮൩൧. മരത്തിന്നു കായി ഘനമൊ?

൮൩൨. മരത്തോക്കിന്നു മണ്ണുണ്ട.

൮൩൩. മരനോക്കി കൊടിയിടെണം.
(ആളെ നോക്കി പെണ്ണും മരനോക്കി കൊടിയും).

൮൩൪. മരുന്നും വിരുന്നും മൂന്നു നാൾ.

൮൩൫. മറക്കലം, തുറക്കലം, പിന്നെ പനക്കലം, പിന്നെ യതുപാല്ക്കലം.

൮൩൬. മലയരികെ ഉറവു; പണമരികെ ഞായം (൭൧൬).

൮൩൭. മലയോട്ടു കൊണ്ടക്കലം എറിയല്ല.

൭൱൫൰൮. മലൎന്നു കിടന്നു തുപ്പിയാൽ മാറത്തു വീഴും.

൭൱൫൰൯. മല്ലൻ പിടിച്ചെടം മൎമ്മം

൭൱൬൰. മഴയത്തുള്ള എരുമ പോലെ.

൭൱൬൰൧. മാങ്ങ വീണാൽ മാക്കീഴ് പാടൊ?

൭൱൬൰൨. മാടോടിയ തൊടിക; നാടോടിയ പെൺ.

൭൱൬൰൩. മാണിക്കകല്ലു കൊണ്ടു, മാങ്ങ എറിയുന്നുവൊ?

൭൱൬൰൪. മാണിക്കകല്ലു പന്തീരാണ്ടു കുപ്പയിൽ കിടന്നാലും മാണിക്കക്കല്ലു തന്നെ.

൭൱൬൰൫. മാറാത്ത വ്യാധിക്ക് എത്താത്ത മരുന്നു.

(മീത്തലെ കണ്ടത്തിൽ ഉറവുണ്ടായാൽ താഴെക്കണ്ടത്തിലും വരും.) (൫൮൫).

൭൱൬൰൬. മീൻ കണ്ടും വേണ്ടാത്ത പൂച്ച ഉണ്ടൊ?

൭൱൬൰൭. മുകന്തായം വളഞ്ഞാൽ (തേററിയാൽ) മൂരു വളയും. (തെററും).

൭൱൬൰൮. മുച്ചെവിട്ടു കേട്ടാൽ മൂലനാശം.

൭൱൬൰൯. മുട്ടുണ്ടെങ്കിൽ ഇഷ്ടം പോകും.

൭൱൭൰. മുട്ടുശാന്തിക്ക് ഏല്പിച്ചാൽ കാശിക്കു പോകാം.

൭൱൭൰൧. മുത്തിന്നു കൊണ്ടു ഉപ്പിന്നു വില്ക്കുമൊ?

൭൱൭൰൨. മുത്തിന്നു മുങ്ങുന്നേരം അളിയൻ പിടിക്കേണം കയർ.

൯൬൩. മുൻപിൽ പോയിട്ടെല്ലുല്ല; പിന്നെപ്പാഴിൽ തോല്ലുല്ല.

൯൬൪. മുമ്പെ വന്നതൊ കൊമ്പൊ ചെവിയൊ?

൯൬൫. മുൻവില, പൊൻവില.

൯൬൬. മുയൽ ഇളകുമ്പോൾ നായ്ക്കു കാഷ്ഠിപ്പാൻ മുട്ടും.

൯൬൭. മുറിപ്പാട്ടു കൊണ്ടുഞ്ഞു ചെന്നാൽ മുഴുവൻ പാട്ടു കേൾക്കാം. രണ്ടാട്ടും കേൾക്കാം.

൯൬൮. മുറിവൈദ്യൻ ആളെ കൊല്ലും; മുറി ഹജ്ജി ദീൻ കൊല്ലും.

൯൬൯. മുററത്തു മുല്ലെക്കു മണം ഇല്ല.

൯൭൦. മുലക്കണ്ണു കടിക്കുമ്പോൾ കവിൾക്കു മിടിക്കേണം.

൯൭൧. മുല വിട്ടു മുല പിടിക്കുന്നതിന്നു മുമ്പിൽ (൭൭൮.)

൯൭൨. മുള നാഴിക്കു മുറിച്ച പന്തിയിൽ.

൯൭൩. മുളയാകുമ്പോൾ നഖം കൊണ്ടു നുള്ളാം പിന്നെ മഴു വിട്ടു മുറിച്ചാലും നീങ്ങാ.

൯൭൪. മുളയിൽ അറിയാം വിള.

൯൭൫. മുള്ളിന്മേൽ ഇല വീണാലും ഇലമേൽ മുള്ളു വീണാലും നാശം ഇലെക്കു.

൯൭൬. മുള്ളു പിടിക്കിലും മുരുക്കനെ പിടിക്കേണം.

൯൭൭. മുഴങ്ങാൻ നില്ക്കുന്ന നായിന്റെ തലയിൽ തേങ്ങാ പറിച്ചിട്ടാലൊ?

വ്യന്യവ്യ· മൂക്കിന്മേൽ ഇരുന്നു, വായിൽ കാഷ്ഠിക്കരുത്·

വ്യന്യൻ· മൂക്കില്ലാത്ത നാട്ടിൽ മുറിമൂക്കൻ മൂപ്പൻ (വമ്പൻ)·

വ്യ൭൦· മൂക്കു തൊട്ടുവാൻ നാവു നീളം പോരാ·

വ്യ൭൧. മൂക്കു മുങ്ങിയാൽ മൂവാൾക്കൊ· മുപ്പതിററാൾക്കൊ?
(മൂക്കു നനെഞ്ഞാൽ മൂവാൾക്ക് പോലും മുപ്പതിററാ
ൾക്ക് പോലും).

വ്യ൭൨· മൂഢൻ ൨ കൈയിലും ൪ ചിരട്ട പിടിച്ചു പോം·

വ്യ൭൩· മൂത്തോടത്തോളമെ കാതൽ ഉണ്ടാകും·

വ്യ൭൪. മൂത്തോർ വാക്കും മുതുനെല്ലിക്കയും മുമ്പിൽ കൈ
ക്കും പിന്നെ മധുക്കും·

വ്യ൭൫· മൂന്നൊന്നായാൽ മുക്കൊല പെരുവഴി തുണ.

വ്യ൭൬· മൂരിയൊടു ചോദിച്ചിട്ടു വേണമൊ നുകം വെപ്പാൻ?
(മൂഖനെ തിന്നുന്ന നാട്ടിൽ ചെന്നാൽ മൂഖനെ തി
ന്നെണം· (൫൩൦)·

വ്യ൭൭· മൂലം മറന്നാൽ വിസ്മൃതി!

വ്യ൭വ്യ· മൂവർ കൂടിയാൽ മുററം അടിക്കാ·

വ്യ൭൯· മൂളിയ വീട്ടിൽ തീക്കു പോകരുത്·

വ്യവ്യ൦· മെല്ലെ തിന്നാൽ മുള്ളും തിന്നാം·

വ്യവ്യ൧. മെല്ലനെ ഒഴുകും വെള്ളം കല്ലിനെ കുഴിയ ചെല്ലും·

വ്യവ്യ൨· മേടി നോക്കിയാൽ അറിയാം

൨൮൩. മേല്പട്ടു മിന്നൽ പോലെ പൊങ്ങി ദേഹിയും കീഴ്പെട്ടു ദാരു പോലെ വീണു ദേഹവും.

൨൮൪. മോർ വില്ക്കുന്ന തായെ ഊരിലെ പ്രാവര്ത്യം (പാരവര്ത്യം) എന്തിന്നു?

൨൮൫. മോററിന്നു വന്നോർ പശു വില ചോദിക്കരുത്.

൨൮൬. യഥാശക്തി മഹാഫലം.

൨൮൭. യഥാ രാജാ തഥാ പ്രജാ.

൨൮൮. രണ്ടു തലയും കത്തിച്ചു നടു പിടിക്കല്ല.

൨൮൯. രാജാവാജ്ഞെക്കു പ്രത്യുത്തരമില്ല.

൨൯൦. രാജാവിനോടും വെള്ളത്തോടും തീയോടും ആനയോടും കളിക്കരുതു.

൨൯൧. രാജാവിന്റെ നായായിട്ടല്ലെ എറിഞ്ഞുകൂടാത്തതു.

൨൯൨. രാജാവില്ലാത്ത നാട്ടിൽ കുടിയിരിപ്പാൻ ആകാ.

൨൯൩. രാമായണം മുഴുവൻ വായിച്ചിട്ടും രാമനു സീത ആർ എന്നു ചോദിക്കും.

൨൯൪. രാവു വീടാകാ; പകൽ കാടാകാ.

൨൯൫. രാവു വീണ കുഴിയിൽ പകലും വീഴുമൊ?

൨൯൬. ലോകപ്പുരുഷന്മാരുടെ കുത്തു സഹിച്ചു കൂട്ടുമൊ?

൨൯൭. ലോകം പാഴായാൽ നാകം പാഴാമൊ?

(ലോകർ എല്ലാം ചത്താൽ ശോകം ചെയ്വാൻ ആർ)?

൨൯൮. വക്കടന്ന കലത്തിന്നു കണ മുറിഞ്ഞ കയിൽ.

൮൯൯. വടി കുത്തിയും പട കാണെണം.

൯൦൦. വണ്ണാത്താൻ വീട്ടും കളത്തു വീട്ടും തനിക്കൊത്തതു.

൯൦൧. വണ്ണാത്താൻ വീട്ടിൽ ഇല്ലെങ്കിൽ തുണിയുരുപ്പയിൽ വേണം.

൯൦൨. വന്നറിയാഞ്ഞാൽ ചെന്നറിയേണം.

൯൦൩. വന്നാൽ എന്തു വരാഞ്ഞാൽ; വരാഞ്ഞാൽ എന്തു വന്നാൽ?

൯൦൪. വമ്പനോടു വഴക്കു നല്ല.

൯൦൫. വരെക്കാൻ വരെച്ചു, കരിച്ചതൊ എങ്ങിനെ?

൯൦൬. വറുത്താൽ കൊറിച്ചു പോകും; കണ്ടാൽ പറഞ്ഞു പോകും.

൯൦൭. വറേറാന്നം, വല വീതൊന്നം, കട്ടോന്നം, കടം കൊണ്ടോന്നം, ആശവിടാ.

൯൦൮. വലിയ ആനെക്ക് മണി കെട്ടേണമൊ? (൮൩).

൯൦൯. വലിയോന്റെ പൊൻ എടുക്കേണം എങ്കിൽ എളിയവന്റെ പാര വേണം.

൯൧൦. വലിയവന്റെ വള്ളം തുറക്കുമ്പോഴെക്ക് എളിയവന്റെ വണ്ണ വലിക്കും.

൯൧൧. വല്ലഭമുള്ളവന്ന പുല്ലും ആയുധം.
(വസ്തു പോയാലെ ബുദ്ധി തോന്നു. (൮൦൨.)

൯൧൨. വളഞ്ഞ കത്തിക്ക് തിരിഞ്ഞ ഉറ.

൯൧൩. വളെച്ചു കെട്ടിയാൽ എത്തി നോക്കും.

൯൧൪. വളപ്പിൽ കൊത്തുന്നതും കഴത്തിൽ കെട്ടുന്നതും ഒരു
പോലെയൊ?

൯൧൫. വഴിമൊഴിയെങ്കിൽ മുരിക്കു ഉരുക്ക് ആം.

൯൧൬. **വാ**ക്കിൽ തോററാൽ മൂപ്പിൽ താഴെണം.

൯൧൭. വാക്കു കൊണ്ടു കോട്ട കെട്ടുക.

൯൧൮. വാക്കു പോക്കക്കും, നെല്ല് കൊയിലകത്തും.

൯൧൯. വാനം വീണാൽ മുട്ടിടാമൊ?

൯൨൦. വായറിയാതെ പറഞ്ഞാൽ ചെവിയറിയാതെ
കൊള്ളും.
(കാറററിയാതെ തുപ്പിയാൽ ചെള്ള അറിയാതെ കൊ
ള്ളും. (൩൭൭).

൯൨൧. വായി ചക്കര കൈ കൊക്കര.

൯൨൨. വായി പോയ കത്തി കൊണ്ട് ഏതിലെയും വെച്ചു
കൊത്താം.

൯൨൩. വായിലെ നാവിന്നു നാണം ഇല്ലെങ്കിൽ തൊണ്ടെ
ക്ക് ശ്രീ ഉണ്ടു. (വയറും നിറയും).

൯൨൪. വാൽ എടുക്കാത്തവൻ വാൽ എടുത്താൽ വാൽ എല്ലാം
ചില മീൻ നാറും.

൯൨൫. **വി**നാശ കാലെ വിപരീത ബുദ്ധി ആരാന്റെ ക
ത്തി എന്നെ ഒന്നു കൊത്തി.

൯൨൬· വിരൽ ച്ചുട്ടു കവിൾ തുളെക്കരുത്·

൯൨൭· വിശക്കാത്തക്കുതുണ്ണെണം മറക്കാത്തക്കു പറ
യെണം·

൯൨൮. വിശപ്പിന്നു കറി വേണ്ടാ; ഉറക്കിന്നു പായി വേണ്ടാ.

൯൨൯· വിശ്വസിച്ചോനെ ചതിക്കല്ല; ചതിച്ചൊനെ വിശ്വ
സിക്കല്ല!

൯൩൦· വിശ്വാസമില്ലാത്തവൎക്ക കഴുത്തറുത്തു കാണിച്ചാലും
കണ്കെട്ടെന്നെ വരും.

൯൩൧· വിഷഹാരിയെ കണ്ട പാമ്പു പോലെ·

൯൩൨· വിളക്കോട്ട പാറിയാൽ ചിറക കരിയും.

൯൩൩· വിളമ്പുന്നോൻ അറിയാഞ്ഞാൽ ഉയിക്കുന്നോൻ അ
റിയേണം!

൯൩൪· വിളയും വിത്തു, മുളയിൽ അറിയാം (൬൩൪)·

൯൩൫· **വീ**ട്ടിൽ ചെന്നാൽ മോർ തരാത്ത ആൾ ആലെ
ക്കൽ നിന്നു പാൽ തരുമൊ?

൯൩൬· വീട്ടിൽ ചോറുണ്ടെങ്കിൽ വിരുന്നു ചോറുമുണ്ടു
(൫൪൫)·

൯൩൭· വീണ മരത്തിൽ ഓടിക്കയറും

൯൩൮. വീണാൽ ചിരിക്കാത്ത ചങ്ങാതിയില്ല·
വീണാൽ ചിരിക്കാത്തതു ബന്ധുവല്ല·

൯൩൯· വീശിയ വലെക്ക് അറു കണ്ണു ഉണ്ടാം.

൯൮൦. വീഴുന്ന മൂരിക്ക് ഒരു മുണ്ടു കരി.

൯൮൧. വീഴും മുമ്പെ നിലം നോക്കേണം.

൯൮൨. വെച്ചാൽ കുടുമ, ചിരച്ചാൽ മൊട്ട.

൯൮൩. വെടികൊണ്ട പന്നി പായും പോലെ

൯൮൪. വെട്ടാത്ത നായക്ക് പൊരിയാത്ത കററി.

൯൮൫. വെട്ടൊന്നെങ്കിൽ തുണ്ടം രണ്ടു.

൯൮൬. വെണ്ണീററിൽ കിടന്ന പട്ടി പോലെ.

൯൮൭. വെററിലെക്കടങ്ങാത്ത അടക്കയില്ല; ആണിന്നടങ്ങാത്ത പെണ്ണില്ല.

൯൮൮. വെളുത്ത മാരയാൻ ഇഞ്ചി പൊരിച്ചതു മൂലം മാവന്ന പുക്കു.

൯൮൯. വെളുത്തേടൻ അലക്കു മാററി, കാശിക്കു പോവാൻ കഴികയില്ല.

൯൯൦. വെള്ളം ആകാഞ്ഞാൽ തോണ്ടിക്കുടിക്കേണം; നിലം ആകാഞ്ഞാൽ നീങ്ങി ഇരിക്കേണം.

൯൯൧. വെള്ളം കണ്ട പോത്തു പോലെ.

൯൯൨. വെള്ളം വററും പോഴെക്ക് പച്ചോലയിൽ കെട്ടിയ കാക്കയും എത്തി.

൯൯൩. വെള്ളെരിയിൽ കുറുക്കൻ കയറിയതു പോലെ.

൯൯൪. വെളിലപ്പുറത്തു വീണ വെള്ളം പോലെ.

൯൯൫. വേട്ടാളൻ പോററിയ പുഴുവെ പോലെ.

൯൫൬. വേട്ടുവർ പോററിയ നായിനെ പോലെ.

൯൫൭. വേണ്ടിക്കിൽ ചക്ക വേരിന്മേലും കാച്ചും; വേണ്ട എങ്കിൽ കൊമ്പത്തും ഇല്ല.

൯൫൮. വേദം അറിഞ്ഞാലും വേദന വിടാ.

൯൫൯. വേദനെക്ക വിനോദം (വെ. മൊനോതം ചേരാ).

൯൬൦. വേർ കിഴിഞ്ഞു തിരുൾ ഇളക്കി.

൯൬൧. വേററി ആകാഞ്ഞിട്ടു കട്ടി പെണ്ണായി.

൯൬൨. വേല ഒപ്പമല്ലെങ്കിലും വേയിൽ ഒപ്പം കൊണ്ടാൽ മതി.

൯൬൩. വേലിക്ക പുറത്തെ പശുക്കളെ പോലെ.

൯൬൪. വേലി പഞ്ഞ തിന്നു തുടങ്ങി.

(വെലി വിള തിന്നുമ്പോലെ.

൯൬൫. വേവുന്ന പുരെക്ക് ഊരുന്ന കഴുക്കൊൽ ആദായം.

൯൬൬. വേശി മൂത്താൽ കുരങ്ങു.

൯൬൭. വൈദ്യൻ കാട്ടിൽ കയറിയ പോലെ.

൯൬൮. വൈരമുള്ളവനെ കൊണ്ടു ക്ഷൌരം ചെയ്യിക്ക പോലെ.

൯൬൯. വൈശ്രവണന്റെ ദ്രവ്യം പോലെ.

൯൭൦. ശകുനം നന്നായാലും പുലരുവോളം കക്കരുതു.

(കക്കാൻ തരം എന്നു വെച്ചു പു. ക.)

൯൭൧. ശവം ചുട്ടവൻ ചാവു കഴിക്കയില്ല.

൧൯൨. ശിക്ഷയെ ചൊല്ക്കിലെ ശീലം നല്ലൂ.

൧൯൩. ശീതം നീങ്ങിയവന്നു വാതം കൊണ്ടു ഭയം എന്തു?

൧൯൪. ശ്രൂരിമേൽ വാഴ വീണാലും വാഴമേൽ ശ്രൂരി വീണാലും വാഴെക്കു കേടു. (൨൬൭)

൧൯൫. ശ്രീമാൻ സുഖിയൻ മുടിയൻ ഇരപ്പൻ.
(ശ്വാവിന്റെ വാൽ പന്തിരാണ്ടു കുഴലിൽ ഇട്ടാലും എടുക്കുമ്പോൾ വളഞ്ഞിരിക്കും. (൬൭൨)

൧൯൬. സങ്കടക്കോഴിക്കു പണം ഒന്നു!

൧൯൭ സമുദ്രത്തിൽ മുക്കിയാലും പാത്രത്തിൽ പിടിപ്പതെ വരും.

൧൯൮. സമ്പത്തു കാലത്തു തൈ പത്തു വെച്ചാൽ ആപത്തു കാലത്തു കാപ്പത്തു തിന്നാം.

൧൯൯. സാരം അറിയുന്നവൻ സൎവ്വജ്ഞൻ.

൨൦൦. സാള വരുമ്പോൾ സുര വരാ; സുര വരുമ്പോൾ സാള വരാ; രണ്ടും കൂടി വരുമ്പോൾ അവസര വരാ.

൨൦൧. സുഖദുഃഖാദികൾ വെള്ളത്തിൽ ഇട്ട ഉരുളങ്ങ പോലെ.
(സുഖത്തിൽ പിന്നെ ദുഃഖം; ദുഃഖത്തിൽ പിന്നെ സുഖം).

൨൦൨. സുല്ത്താൻ പക്കീരായാലും പക്കീർ സുല്ത്താനായാലും തരം അറിയിക്കും.

൯൮൩. സൂക്ഷിച്ചു നോക്കിയാൽ കാണാത്തതും കാണാം (കാണാത്തവനും കാണും).

൯൮൪. സൂചി പോയ വഴിക്കെ നൂല്യം പോകും.

൯൮൫. സേതുവിങ്കൽ പോയാല്യം ശനിപ്പിഴ വിടാതു.

൯൮൬. സേവ മുഴുത്തിട്ടു കണ്ടി ഇറങ്ങിക്കൂടാ.
(സ്ഥാനത്തെളിയോൻ കൊണ്ടിരിക്കേണം
(ദുവ്യ.)

൯൮൭. സ്നേഹം ഒരു തോണി വണ്ടി പോലെ ആകേണം.

൯൮൮. സ്വ കാൎയ്യം തിന്നാൽ സൂകരം.

൯൮൯. സ്വാമിദ്രോഹി വീട്ടിന്നു പഞ്ച മഹാ പാതകങ്ങൾ വാതിൽ.

൯൯൦. ഹിരണ്യ നാട്ടിൽ ചെന്നാൽ ഹിരണ്യായ നമഃ

☞ ഈ പുസ്തകത്തിൻെറ ആദ്യത്തിൽ മുമ്പെ അച്ചടിച്ച പുസ്തകത്തില്യള്ള പ്രകാരം ഒരു ആയിരം പഴഞ്ചൊൽ എന്നടിച്ചു പോയി. മുമ്പിൽ അടിച്ച പുസ്തകത്തിൽ ൬൭൮. ൬൮൯ എന്നു തപ്പായി, പത്തു കുറഞ്ഞു ആയിരം സംഖ്യയുണ്ടായിരുന്നു. ആ തപ്പു, പുസ്തകം അടിക്കുമ്പോൾ കണ്ടതു കൊണ്ടു തപ്പിപ്പോയ പത്തു സംഖ്യ ഇതിൽ ചേൎപ്പാൻ ഇട വന്നിട്ടില്ല. ആയ്കൊണ്ടു ഈ പുസ്തകത്തിൽ തൊള്ളായിരത്തിൽ തൊണ്ണൂറു പഴഞ്ചൊൽ മാത്രമെ ഉള്ളൂ.

പഴഞ്ചൊൽ ഉപകരിക്കുന്നെങ്കിലും അതിന്റെ ഫലം തല്ക്കാലികം. നിത്യഫലം ജനിപ്പിക്കുന്നത് ദൈവത്തിന്റെ വചനം തന്നെ. സല്ബുദ്ധി ആഗ്രഹിക്കുന്നവർ അതിനെ പാരായണം ചെയ്തു കൊൾവിൻ.

"ദൈവവചനം എൻ കാലിന്നു വിളക്കും, എൻ പാതയിൽ
"വെളിച്ചവും തന്നെ; ദുഷ്ടന്മാർ എനിക്ക് കണി വെച്ചു എ
"ങ്കിലും നിന്റെ നിയോഗങ്ങളെ ഞാൻ വിട്ടുഴന്നില്ല. നി
"ന്റെ സാക്ഷ്യങ്ങൾ എൻ ഹൃദയത്തിന്നു ആനന്ദം ആക
"യാൽ ഞാൻ അവറ്റെ എന്നേക്കും എൻ അവകാശമായി
"അടക്കുന്നു. സങ്കീൎത്തനം ൧൧൯.

1922 g 9819



40

ONE THOUSAND

# MALAYALAM PROVERBS

ഒരു ആയിരം

# പഴഞ്ചൊൽ



MANGALORE
PRINTED BY STOLZ & REUTHER, BASEL MISSION PRESS
1868